മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 22 | THE ONLINE OFFICIAL NEWS BULLETIN | 2021 May 29

SEASON OF PENTECOST പെന്തിക്കോസ്തികാലം ܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
30 ♪8 1st Sunday after Pentecost	31 ♪4	1 ♪8 Comme. of Aaron the Monk	2 ♪4	3 ♪8	4 ♪4	5 ♪8



പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ 7–ാം ഓർമ്മപ്പെരുന്നാൾ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ ആചരിച്ചു. വി. മൂന്നിന്മേൽ കുർബാനയ്ക്ക് ഗീവർഗീസ് മാർ കൂറിലോസ് മുഖ്യ കാർമികത്വം വഹിച്ചു. മാത്യൂസ് മാർ തിമോത്തിയോസ്, സഖറിയാസ് മാർ അപ്രേം എന്നിവർ സഹകർമികത്വം വഹിച്ചു. മാത്യൂസ് മാർ സേവേറിയോസ്, യാക്കോബ് മാർ ഐറേനിയോസ്, ജോസഫ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ദീയസ്കോറോസ് എന്നീ പിതാക്കന്മാരും സന്നിഹിതരായിരുന്നു.



പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ച് മന്ത്രിമാരും നിയുക്ത ഡെപ്യൂട്ടി സ്പീക്കറും

പരുമല: ചികിത്സയിൽ കഴിയുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ മന്ത്രിമാരായ പി പ്രസാദ്, വീണാ ജോർജ്ജ് എന്നിവരും നിയുക്ത ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും പി.എസ്സ്.സി. അംഗം ഡോ. ജിനു സക്കറിയ ഉമ്മനും സന്ദർശിച്ചു. പ. ബാവായുടെ ചികിത്സാ പുരോഗതിയും ആരോഗ്യ വിവരവും ചോദിച്ചറിഞ്ഞ അതിഥികളോട് നീതിയുക്തവും നിയമാധിഷ്ഠിതവുമായ സത്ഭരണം കാഴ്ച വയ്ക്കുവാൻ സർക്കാരിന് കഴിയട്ടെ എന്ന് പ. ബാവ ആശംസിച്ചു. കോവിഡ് മഹാമാരിക്കെതിരെയുള്ള ഗവൺമെന്റിന്റെ പോരാട്ടങ്ങൾക്ക് സഭയുടെ പിന്തുണയും പ. ബാവാ അറിയിച്ചു. തുടർന്ന് പരുമലപ്പള്ളി സന്ദർശിച്ച അതിഥികളെ ഡോ യാക്കൂബ് മാർ ഐറേനിയോസ്, ഫാ. എം. സി. കുര്യാക്കോസ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

ഹൈക്കോടതി വിധി സ്വാഗതം ചെയ്യുന്നു: ഓർത്തഡോക്സ് സഭ

കോട്ടയം: സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾക്കുള്ള മെറിറ്റ് സ്കോളർഷിപ്പുകളിൽ 80:20 അനുപാതം അനുവദിച്ചുള്ള സർക്കാർ ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി വിധി സ്വാഗതം ചെയ്യുന്നതായി മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറസ് മെത്രാപ്പോലീത്ത.

ന്യൂനപക്ഷങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ സന്തുലനം ഉണ്ടാകുവാൻ ഈ നടപടി കാരണമായി തീരുമെന്ന് പ്രതീക്ഷിക്കുന്നു. കേരളാ മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിൽ ന്യൂനപക്ഷങ്ങൾക്ക് ഉള്ളതായ അവകാശങ്ങൾ പൂർണ്ണമയും സംരക്ഷിക്കപ്പെടും എന്ന് വിശ്വസിക്കുന്നു. ക്രിസ്തീയ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുവാനായി ജസ്റ്റിസ് ബഞ്ചമിൻ കോശി അധ്യക്ഷനായി കമ്മീഷനെ നിയമിച്ച നടപടിയും സഭ സ്വാഗതം ചെയ്യുന്നതായി മാർ ദീയസ്ക്കോറസ് പറഞ്ഞു.




കോവിഡ് ബാധിതരായ രോഗികളുടെ ചികിത്സയ്ക്ക് 12 ലക്ഷം രൂപ നൽകി

ബാംഗ്ലൂർ ഭദ്രാസനം NIMHANS'ൽ ചികിത്സയിൽ കഴിയുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കോവിഡ് ബാധിതരായ മാനസിക രോഗികളുടെ ചികിത്സയ്ക്ക് 12 ലക്ഷം രൂപ നൽകി മാതൃകയായി. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഏബ്രഹാം മാർ സെറാഫിം, ഭദ്രാസന സെക്രട്ടറി ഫാ. സന്തോഷ് സാമുവേൽ, കൗൺസിൽ അംഗങ്ങളായ മാത്യു ജേക്കബ്, സഖറിയ മാത്യു എന്നിവർ ചേർന്നു തുകയുടെ ചെക് NIMHANS ഡയറക്ടർ ഡോ. സതീഷ് ചന്ദ്ര ഗിർമാജിക്ക് കൈമാറി. കോവിഡു ബാധിച്ച് ദുരിതം അനുഭവിക്കുന്ന ആളുകളെ സഹായിക്കുവാൻ വേണ്ടി ബാംഗ്ലൂർ ഭദ്രാസനം നടത്തി വരുന്ന അനവധി പരിപാടികളുടെ ഭാഗമായിട്ടാണ് ഈ തുക കൈമാറിയത്. NIMHANS നഴ്സസ് വെൽഫെർ അസോസിയേഷൻ ഡോ. ഏബ്രഹാം മാർ സെറാഫിമിനെ ചടങ്ങിൽ ആദരിച്ചു. ഡോ. മോഹൻ ഐസക്കും റാണി ജേക്കബും സന്നിഹിതരായിരുന്നു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

ആരാധനാ കലണ്ടർ



“പിതാവേ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് നിന്നെ വാഴ്ത്തുന്നു”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

വി. പെന്തിക്കോസ്തി പെരുന്നാളിനുശേഷമുള്ള ആദ്യ ഞായറാഴ്ചയിൽ എത്തുമ്പോൾ വി. സഭ ഏറെ ആനന്ദിക്കുന്നു. ജ്ഞാനികളും വിവേകികളുമെന്ന് സ്വയം നടിക്കുകയും അഭിമാനിക്കുകയും ചെയ്തിരുന്ന യഹൂദ മതസ്ഥർ, യവനർ തുടങ്ങിയ വേദശാസ്ത്ര വിശാരദന്മാർ, തത്വചിന്തകർ തുടങ്ങിയവർക്ക് ഗോപ്യമായവ മേൽപറഞ്ഞ ഗുണങ്ങളിൽ ശിശുക്കൾ മാത്രമായ ശിഷ്യസമൂഹത്തിന് വെളിപ്പെടുന്ന ദിവ്യ അനുഭവമാണല്ലൊ വി. പെന്തിക്കോസ്തി.

പെന്തിക്കോസ്തി സമൂഹം അഥവാ പ. സഭ എന്നാൽ എന്താണ് എന്ന് വെളിപ്പെടുത്തുന്ന വേദവായനകളും പ്രാർത്ഥനകളുമാണ് ഈ ആഴ്ചയിലെ ധ്യാനചിന്തകളിൽ നിറയുന്നത്. പഴയനിമയ ഭാഗങ്ങളിൽ ഈ വിഭാഗത്തിൽപ്പെടുന്നവരിൽ പ്രധാനികളായവരെ കുറിച്ചാണ് പഴമ വായനകളിൽ പ്രതിപാദ്യം.

സഹോദരന്മാരിൽ നിന്നും ഉണ്ടായ ചതി, ഒറ്റപ്പെടൽ, വേദന, വില്ക്കപ്പെടൽ, അടിമത്വം, പ്രവാസം എന്നിവയുടെ മദ്ധ്യത്തിലും ദൈവാശ്രയത്തിൽ പ്രത്യാശയോടെ ജീവിച്ച വ്യക്തിത്വമാണ് യോസഫിന്റേത്. കൂനിന്മേൽ കുരു എന്നപോലെയാണ് പോത്തീഫറിന്റെ ഭവനത്തിലെ അനുഭവം. അതിശക്തമായ പ്രലോഭനത്തെ ദൈവകൃപയാൽ അതിജീവിച്ച് പാപത്തിൽ മരിക്കാതെ ഇരുന്നെങ്കിലും ആ സംഭവത്തിൽ തനിക്ക് ആകെ കൈമുതലായി ഉണ്ടായിരുന്ന സൽപേരും നഷ്ടപ്പെട്ട് അവൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നു. എന്നാൽ അവിടെയും പിറുപിറുപ്പു കൂടാതെ ദൈവത്തെ ആരാധിച്ച് നന്മയിൽ വളരുവാനും സ്വപ്നങ്ങൾ കാണുവാനും അവയെ വ്യാഖ്യാനിക്കുവാനുമൊക്കെ അദ്ദേഹത്തിന് കഴിയുന്നു. ഒടുവിൽ മിസ്രയീം രാജാവിന്റെ ശക്തമായ സാക്ഷ്യവും അംഗീകാരവും അവനെ തേടിയെത്തുന്നു. “ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടു കിട്ടുമോ; നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനുമില്ല; നീ എന്റെ ഗൃഹമായ മിസ്രിയീമിന് മേലധികാരിയാകും; നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിക്കും” എന്നിങ്ങനെ പോകുന്നു ആ സാക്ഷ്യം (ഉല്പത്തി 41:38–49). നിന്ദിതനും തള്ളപ്പെട്ടവനുമായിരുന്ന യോസഫ് ഫറവോന്റെ മുദ്രമോതിരത്തിനും രഥത്തിനും അധികാരിയാകുന്ന കാഴ്ച. താൻ എവിടെ അടിമത്വത്തിലും കാരാഗൃഹത്തിലും ആയിരുന്നുവോ ആ ജനത അവനെ മുട്ടുകുത്തി വന്ദിക്കുന്നു. അവൻ അവരുടെ രക്ഷകനായി തീരുന്നു. പരിശുദ്ധാത്മ നിറവിനും നടത്തിപ്പിനും ഇതിലും മേത്തരമായ ഉദാഹരണം പഴയനിയമത്തിൽ വേറെ ഉണ്ടെന്ന് തോന്നുന്നില്ല.

നാല്പതു വർഷത്തെ യാത്രയും ശോധനയും കൊണ്ട് ഒരു ജനതയെ പൂർണ്ണമായി ശോധന ചെയ്തശേഷം അവരെ പരിച്ഛേദന ചെയ്ത് ശുദ്ധീകരിച്ച് വാഗ്ദത്ത ഭൂമിയിൽ പാർപ്പിച്ച് ഇസ്രായേലിനെ നവീകരിച്ച്. പരിശുദ്ധാത്മാവിൽ നിലനിർത്തുവാനുള്ള ആത്മവരവും ബലവുമാണ് യഹോവ യോശുവായ്ക്ക് (5:9–12) നൽകുന്നത്.

വീണ്ടും ബാബേലിലെ എഴുപതു സംവത്സരം നീണ്ടു നില്ക്കുന്ന പ്രവാസകാലമെന്ന ശോധനയ്ക്കുശേഷം തന്നെ വിളിച്ചപേക്ഷിക്കുന്നവരെ യഹോവയായ ദൈവം കൂട്ടിച്ചേർത്ത് ദാവീദിന്റെ ഗൃഹമായ യെരുശലേമിൽ കൊണ്ടുവന്ന് വി. ജനമായി വളർത്തും (യിരെമ്യാവ് 29:10–16) എന്ന് യിരെമ്യാ പ്രവാചകനിലൂടെ യഹോവ അരുളിചെയ്തത് വി. പെന്തിക്കോസ്തി പെരുന്നാളിൽ സാർത്ഥകമായി എന്ന് പിതാക്കന്മാർ സൂചിപ്പിക്കുന്നു.

യഹൂദന്മാർ അതിശക്തമായി ഉപദ്രവിക്കുമ്പോഴും പരിശുദ്ധാത്മ പ്രവർത്തനത്താൽ മറ്റനേകം ജാതികൾ വി. അപ്പോസ്തോലന്മാരെയും അവരുടെ ശിഷ്യന്മാരെയും സ്വീകരിക്കുകയും അങ്ങിനെ പ. സഭ ലോകമെമ്പാടും ഏറെ ശക്തിയോടെ ദൈവകൃപയാൽ വളരുകയും ചെയ്യുന്ന ചിത്രമാണ് ആദ്യ ശ്ലീഹാവായനയിൽ (അ. പ്രവർത്തികൾ 17:10–15) നാം ശ്രവിക്കുന്നത്.

പരിശുദ്ധാത്മാവിൽ സ്നാനപ്പെട്ടു വളരുന്ന സഭയുടെ അടിസ്ഥാന സ്വഭാവങ്ങളെ പറ്റിയാണ് രണ്ടാം ലേഖനത്തിൽ പ. പൗലൂസ് ശ്ലീഹാ (2 കൊരിന്ത്യർ 5:14–6:9) ആത്മാവിൽ നിറഞ്ഞുകൊണ്ട് പ്രബോധിപ്പിക്കുന്നത്. പരിശുദ്ധാത്മാവിലെ സ്നാനത്തെ ആഴമുള്ള തത്വശാസ്ത്ര പശ്ചാത്തലത്തിലാണ് അദ്ദേഹം വിശദീകരിക്കുന്നത്! തന്റെ അന്യൂനമായ സ്നേഹത്താൽ നാം എല്ലാവർക്കുംവേണ്ടി അവൻ മരിച്ചതിനാൽ നാം എല്ലാവരും മരിച്ച് (പാപത്തോട്) തങ്ങൾക്കു വേണ്ടി മരിച്ചുയർത്തവനായിട്ടു ജീവിക്കണം. അങ്ങിനെ ജീവിക്കുന്നവരുടെ സമൂഹമത്രേ പ. സഭ. “ആകയാൽ ഇനി നാം ജഢപ്രകാരമല്ല ജീവിക്കുന്നത്, മറിച്ച് ക്രിസ്തുവിലായവൻ അവനിൽ പുതിയ സൃഷ്ടി ആകുന്നു, പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നുവെന്ന്” വി. പെന്തിക്കോസ്തിയിൽ മാമോദീസാ സ്വീകരിച്ച പ. സഭയെ കുറിച്ച് പൗലൂസ് ശ്ലീഹാ പരിശുദ്ധാത്മാവിൽ സാക്ഷിക്കുന്നു. “പ്രസാദകാലത്തു ഞാൻ നിനക്കു ഉത്തരമരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു” എന്ന പ്രവചനവാക്യം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ‘ഇപ്പോഴാകുന്നു ആ സുപ്രസാദ കാലം; ഇപ്പോൾ ആകുന്നു രക്ഷാ ദിവസ’മെന്ന് തന്നെ ശ്രവിക്കുന്ന കൊരിന്ത്യരോടും സർവ്വ ജാതികളോടും വിളിച്ചു പറയുന്നു. എന്നാൽ ഈ ശുശ്രൂഷയിൽ നിലനില്ക്കുകയെന്നാൽ മരണത്തോളം ക്രിസ്തുവിനോടൊപ്പം കഷ്ടം സഹിക്കുകയെന്നാണ് അർത്ഥം എന്നും അടുത്ത വാക്യങ്ങളിൽ അദ്ദേഹം പഠിപ്പിക്കുന്നുണ്ട്. ബഹുസഹിഷ്ണത, കഷ്ടം, ബുദ്ധിമുട്ട്, സങ്കടം, തല്ല്, തടവ്, കലഹം, അദ്ധ്വാനം, ഉറക്കിളപ്പ്, പട്ടിണി, നിർമ്മലത, പരിജ്ഞാനം, ദീർഘക്ഷമ, ദയ, പരിശുദ്ധത, നിർവ്യാജ സ്നേഹം, സത്യവചനം, ദൈവശക്തി എന്നിവയിൽ നിറഞ്ഞ് ഇടത്തും വലത്തും നീതിയുടെ ആയുധങ്ങൾ ധരിച്ചുകൊണ്ട് മാനാപമാനങ്ങളും ദുഷ്കീർത്തി സൽക്കീർത്തികളും അനുഭവിച്ച് ചതിയന്മാരുടെ മദ്ധ്യേ സത്യമുള്ളവരായി ഇരിക്കുന്നവരുമാകുവാൻ കഴിയുന്നവന് മാത്രമേ ക്രിസ്തുശിഷ്യനെന്ന പദവി ലഭിക്കുകയുള്ളു. അത് മാനുഷിക അറിവിനാൽ അസാദ്ധ്യവും മരണത്തോളം സഹിക്കുന്നതിലൂടെ മരണത്തെ അതിജീവിച്ച് ജീവനിലേക്ക് കടക്കുന്നവരുമായവർക്കു മാത്രമേ സാധിക്കൂ. അപ്പോൾ അവർ ശരീരത്തിൽ ശിക്ഷിക്കപ്പെടുന്നവരും കൊല്ലപ്പെടുന്നവരും ദുഃഖിതരും ദരിദ്രരുമൊക്കെ ആയിരിക്കെ തന്നെ ആത്മാവിൽ കൊല്ലപ്പെടാത്തവരും ജീവിക്കുന്നവരും സന്തോഷിക്കുന്നവരും സമ്പന്നരും എല്ലാം കൈവശമുള്ളവരുമായി തീരുമെന്ന ‘വൈരുദ്ധ്യാത്മക ആത്മിക വാദം’ എന്ന ക്രൈസ്തവ തത്വശാസ്ത്രം ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നു.

പീഡനത്തിൽ സന്തോഷിക്കുകയും കൊല്ലപ്പെടുന്നതിലൂടെ നിത്യജീവനിലേക്ക് പ്രവേശിക്കുകയും, സ്വയം വെറുമയാക്കലിലൂടെ ആത്മസമ്പന്നതയിൽ എത്തുകയും ഒടുവിൽ സ്വന്ത ശരീരം തന്നെ നമുക്ക് മരിച്ചു നൽകുകയും ചെയ്ത കർത്താവിന്റെ വഴിയാണ് ഈ വൈരുദ്ധ്യാത്മക ആത്മികവാദം. ആത്മഭാവത്തിലുള്ള ദാരിദ്ര്യമാണ് അതിന്റെ അടിസ്ഥാനം. അതിന്റെ പൂർണ്ണതയിൽ നിന്നുകൊണ്ടാണ് തന്റെ ഗിരിപ്രഭാഷണത്തിന്റെ ആരംഭം. അവിടെ അവൻ സംബോധന ചെയ്യുന്നത് ‘ആത്മാവിൽ ദരിദ്രരായവരെ, നിങ്ങൾ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം നിങ്ങളുടേത്’ എന്നാണല്ലൊ. ദുഃഖിക്കുന്നവർ ആശ്വാസപ്പെടും; സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും. നീതിയ്ക്കായി വിശന്നു ദാഹിക്കുന്നവർ തൃപ്തരാകും; കരുണയുള്ളവർക്ക് കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും; സമാധാനം ഉണ്ടാക്കുന്നവർ ദൈവമക്കളെന്ന് വിളിക്കപ്പെടും; നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർക്ക് ദൈവരാജ്യം അവകാശമായി ലഭിക്കും; ഉപദ്രവിക്കപ്പെടുകയും ആരോപിതരാകുകയും ചെയ്യപ്പെടുമ്പോൾ സ്വർഗ്ഗത്തിലെ പ്രതിഫലം വർദ്ധിക്കും. ആകയാൽ ആത്മ ദാരിദ്ര്യത്തിലുള്ളവരെ നിങ്ങൾ സന്തോഷിച്ചുല്ലസിപ്പിൻ എന്നാണല്ലൊ അതിന്റെ അടിസ്ഥാന തത്വം.

വി. യോസഫിലും പ്രവാസമദ്ധ്യേയും ഈ സത്യങ്ങൾ പ്രവചനഭാവത്തിൽ ദർശിച്ചുവെങ്കിൽ ശ്ലീഹന്മാരിൽ അവ വെളിപ്പെടുകയും വി. സഹദേന്മാരും മൗദ്യാനന്മാരും അത് പ്രാവർത്തികമാക്കി അവരെല്ലാം ദൈവരാജ്യ അവകാശികളായി തീരുകയും ചെയ്തുവെന്ന് പ. സഭയുടെ സജീവ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു!

കല്ലെറിയുന്നവരുടെ മുന്നിൽ മുട്ടുകുത്തി അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും കൊല്ലപ്പെടുമ്പോൾ ക്രിസ്തുവിനെ സാക്ഷിക്കുവാനും 'ശരീരത്തെ കൊല്ലുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടതില്ല' എന്ന പ്രമാണത്തിൽ നിന്നുകൊണ്ട് ക്രൂശിതനായ കർത്താവ് തങ്ങൾക്കായി കിരീടമൊരുക്കുന്നത് ദർശിച്ചുകൊണ്ട് മരണത്തെ അതിജീവിക്കുവാനും കഴുത്തിൽ നിന്നും ഉതിരുന്ന (ഗളരുധിരത്താൽ) രക്തത്താൽ വി. മാമോദീസാ സ്വീകരിച്ചുകൊണ്ട് പ്രകാശിതരായി നിത്യതയിൽ വസിക്കുവാനും യഥാർത്ഥ ക്രിസ്തുശിഷ്യർക്ക് സാധിക്കുന്നു എന്ന് ഓർക്കണം. കേവലം പതിനഞ്ചു വയസ്സിനോടടുത്ത് കൊല്ലപ്പെട്ട വി. സ്തേഫാനോസ് ശെമ്മാശ്ശനും, 23-ാം വയസ്സിൽ കൊല്ലപ്പെട്ട വി. ഗീവറുഗീസ് സഹദായും 3-ാം വയസ്സിൽ കൊല്ലപ്പെട്ട വി. കുറിയാക്കോസ് സഹദായും അവന്റെ മാതാവ് വി. യൂലിത്തിയും, നാല്പതു സഹദേന്മാരും എന്നിങ്ങനെ ബഹുസഹസ്രങ്ങളിലേക്ക് നീണ്ടുപോകുന്നു ഈ വൈരുദ്ധ്യാത്മക ആത്മിക വാദത്തിന്റെ സംഘടനാഭാവമായ പ. സഭയുടെ സാക്ഷ്യജീവിതം.

കർത്താവ് വിളിച്ചു ചേർത്തതും സമ്പന്നരേയും നീതിമാന്മാരേയുമല്ല, ചുങ്കക്കാരെയും പാപികളെയും വേശ്യാസ്ത്രീകളെയും ദരിദ്രരെയും മുക്കുവരെയുമൊക്കെയായിരുന്നുവെന്നതിലും വൈരുദ്ധ്യാത്മക ഭാവം ദർശിക്കാവുന്നതാണ്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്. എന്റെ നുകം മൃദുവും ചുമട് ലഘുവുമാകുന്നുവെന്നും എന്നോട് പഠിക്കുന്നവന്റെ ആത്മാവിന് ആശ്വാസം ലഭിക്കുമെന്നും താൻ കല്പിക്കുന്നുണ്ട്.

ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു വയ്ക്കുകയും തന്റെ മക്കളാകുന്ന ശിശുക്കൾക്ക് പ. സഭയ്ക്ക് - വെളിപ്പെടുത്തുകയും ചെയ്ത . ആത്മനൽവരത്തിൽ നിറഞ്ഞു നിന്നുകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും പ. റൂഹായേയും എന്നാളും സ്തുതിച്ചു പുകഴ്ത്തി ആത്മപ്രകാശത്തിൽ നിത്യതയിൽ ജീവിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ എന്ന് നമുക്കും പ്രാർത്ഥിക്കാം.



പ. ദിദിമോസ് ബാവായുടെ ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് തലേന്നു നടന്ന വി. കുർബാനയെ തുടർന്ന് കബറിങ്കൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് ധൂപാർപ്പണം നടത്തുന്നു. ഡോ. യാക്കോബ് മാർ ഐറേനിയോസും ബാവായുടെ സാരഥി ആയിരുന്ന സി. വി. മാത്യൂസും (ബെന്നി) സമീപം.



പരുമല സെമിനാരിയിൽ പെന്തിക്കുസ്തി ശുശ്രൂഷകൾക്ക് യാക്കോബ് മാർ ഐറേനിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, യൂഹാനോൻ റമ്പാൻ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.



പരുമലയിലെത്തിയ ആരോഗ്യമന്ത്രി വീണാ ജോർജിനെ ഡോ. യാക്കോബ് മാർ ഐറേനിയോസ്, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് എന്നിവർ ചേർന്ന് സ്വീകരിച്ച് ആശംസകൾ അറിയിക്കുന്നു.



പാമ്പാടി ദയറായിൽ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിന്റെ നേതൃത്വത്തിൽ കോവിഡ് രോഗികൾക്ക് ഭക്ഷണം ക്രമീകരിക്കുന്നു.


പുസ്തകം

മനുഷ്യ സാന്നിദ്ധ്യം

പ്രകൃതിയോടുള്ള ഓർത്തഡോക്സ് സമീപനം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

THE HUMAN PRESENCE: Ecological Spirituality and the Age of the Spirit
എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം: **ഡോ. യാക്കോബ് മാർ ഐറേനിയോസ്**



6

പൗരസ്ത്യപാരമ്പര്യം തുടരുന്നു

1. ദീവന്നാസ്യോസിന്റെ ലിഖിതങ്ങൾ

നിസ്സായിലെ ഗ്രീഗോറിയോസിനുശേഷം, യാഥാർത്ഥ്യത്തിന്റെ ഘടനയെ സംബന്ധിച്ചുള്ള പൊതുവായ നിർവ്വചനങ്ങൾ പൗരസ്ത്യ പാരമ്പര്യത്തിൽ കുറവാണെങ്കിലും, അവയിൽ സർവ്വപ്രധാനമായ ചിലതിനെ ഇവിടെ അവതരിപ്പിക്കേണ്ടിയിരിക്കുന്നു. Dionysius the Areopagite എന്ന് സ്വയം വിശേഷിപ്പിച്ച, ഒന്നാം ശതകത്തിൽ ജീവിച്ചിരുന്നയാളും വി. പൗലോസിന്റെ ശിഷ്യനുമായിരുന്ന ഒരു നിഗൂഢ മനുഷ്യൻ പൗരസ്ത്യ ചിന്തയിലെ ഒരു സുപ്രധാന "സ്മാരകം" തന്നെയാണ്. ഒരു ക്രിസ്ത്യാനി ആയിരുന്നെങ്കിലും, പ്ലേറ്റോയുടെ ചിന്തകളെ അദ്ദേഹം അധികം വിമർശിച്ചിരുന്നില്ല. എന്നാൽ 'നവ പ്ലേറ്റോണിക്' ചിന്താധാരയിലെ അവസാനത്തെ പ്രതിഭാധനനായിരുന്ന Procleus നെയാണ് അദ്ദേഹം കൂടുതൽ അവലംബിച്ചത്. ദീവന്നാസ്യോസിന്റെ കൃതികൾ ഒൻപതാം നൂറ്റാണ്ടിൽ Scotus Erigena ലത്തീനിലേക്ക് ഭാഷാന്തരം ചെയ്തു. അങ്ങനെ അത്, പിന്നീട് 'നിഗൂഢ ആത്മികത' എന്ന് പാശ്ചാത്യ ചിന്തയിൽ അറിയപ്പെട്ടു. ദീവന്നാസ്യോസ് പൗരസ്ത്യ ദേശത്തും വിഖ്യാതനായിരുന്നെങ്കിലും, പാശ്ചാത്യലോകത്താണ് അദ്ദേഹം കൂടുതൽ സ്വാധീനം ചെലുത്തിയത്.

'മദ്ധ്യസ്ഥത' എന്ന ആശയം അദ്ദേഹത്തിന്റെ ചിന്തയിൽ ഏറെ പ്രധാനപ്പെട്ടതാണ്. മനുഷ്യർ വ്യക്തികൾ എന്ന നിലയിലല്ല രൂപാന്തരം പ്രാപിക്കുന്നത്. മറിച്ച്, മനുഷ്യൻ ദൈവകേന്ദ്രീകൃതമായ ക്രമീകൃത സമൂഹത്തിൽ പങ്കാളികളാവുകയും, ദൈവത്തിന്റെ സൃഷ്ടിശക്തിയുള്ള ഊർജ്ജം ജീവപ്രദായകവുമായ പ്രകാശം എന്നിവ സ്വീകരിക്കുകയും പ്രസരിപ്പിക്കുകയും ചെയ്യുന്നതുവഴി ക്രമശ്ശഃ തന്റെ സ്വരൂപത്തിനു അനുരൂപനാകുന്നു. 'സംയുക്തം' 'സ്വീകരിക്കുക', പ്രസരിപ്പിക്കുക എന്നീ സംഗതികൾ പാശ്ചാത്യർ പൊതുവെ അവഗണിച്ചിരുന്നു. നവ തർക്കശാസ്ത്ര സംജ്ഞയായ "ശ്രേണി" (Hierarcheia), എന്നത് അദ്ദേഹം സമൃദ്ധമായി ഉപയോഗിച്ചിരുന്നതാണ്; എന്നാൽ അത് പാശ്ചാത്യർ തെറ്റിദ്ധരിച്ചു. അത് അധിരകാരത്തിന്റെ ശ്രേണി എന്നല്ല അദ്ദേഹം വിവക്ഷിച്ചത്. അധികാരശ്രേണിയിൽ പിരമിഡുപോലെ ആജ്ഞയും 'അനുസരണവും' ഉൾക്കൊള്ളുന്നു. ഉത്തരവ് പുറപ്പെടുവിക്കുക എന്നതല്ല 'ക്രമീകൃതമായ ഘടന' എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. ദൈവകേന്ദ്രീകൃതമായ ദിവ്യസമൂഹത്തിൽ ദൈവീകരണ ശക്തികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അത് ക്രമീകൃതവും ചലനാത്മകവും, പ്രകാശം ഏറ്റുവാങ്ങുന്നതും പ്രസരിപ്പിക്കുന്നതുമായ സമൂഹമാണ്. അതിൽ, 'അവിശ്വാസികൾ' ഉൾപ്പെടെ സമസ്ത പ്രപഞ്ചവും ഭാഗഭാക്കാകുന്നു. ദീവന്നാസ്യോസിന്റെ 'ശ്രേണി'യിൽ നിന്ന് അയ്മേനികളെയും മാമോദീസാ സ്വീകരിക്കാത്തവരെയും പോലും ഒഴിവാക്കിയിട്ടില്ല.

എന്നാൽ പൗരസ്ത്യ പാരമ്പര്യത്തിലെ ഒരു പ്രധാന സ്തംഭമായി ദീവന്നാസ്യോസിനെ ഗണിക്കാനാവില്ല; കാരണം, അദ്ദേഹത്തിന്റെ 'ശ്രേണി'യിൽ മനുഷ്യരാശി മാലാഖമാർക്ക് താഴെയാണ്. ഇങ്ങനെയാണെങ്കിലും ബൈസന്റയിൻ പാരമ്പര്യത്തിൽ അദ്ദേഹത്തിന്റെ ശക്തമായ സ്വാധീനം ദൃശ്യമാണ്. ഉദാഹരണമായി, Maximus the Confessor, Andrew of Crete, George Pachymeres, Gregory Palamas എന്നിവരുടെ ചിന്തയിൽ അദ്ദേഹത്തിന്റെ സ്വാധീനം വ്യക്തമാണ്. അതുപോലെതന്നെ മദ്ധ്യശതകങ്ങളിലെ Albert Magnus, തോമസ് അക്വിനാസ് എന്നീ വലിയ ചിന്തകരിലും.

2. ബൈസന്റയിൻ പാരമ്പര്യത്തിലെ അത്യുന്നത വ്യക്തി

Maximus the Confessor

ബൈസന്റയിൻ പാരമ്പര്യത്തിലെ ഉന്നതശീർഷനായ വ്യക്തിയാണ് Maximus the Confessor. ഹെറാക്ലിയസ് ചക്രവർത്തിയുടെ കീഴിൽ 'ഇമ്പീരിയൽ സെക്രട്ടറി' എന്ന സ്ഥാനം വഹിച്ചിരുന്ന അദ്ദേഹം, അത് രാജിവെച്ചിട്ട് സന്യാസിയായി തീർന്നു. അദ്ദേഹത്തിന്റെ കാലമായപ്പോഴേക്കും, യവന-ലത്തീൻ, ഏഷ്യൻ-ആഫ്രിക്കൻ എന്ന രണ്ടു ഭാഗമായി സഭ പിരിഞ്ഞു കഴിഞ്ഞിരുന്നു. ആഗോള സഭാപാരമ്പര്യത്തിൽ അത്ര അംഗീകാരം നേടിയിട്ടില്ലെങ്കിലും, പ്രപഞ്ചശാസ്ത്രപരമായ അദ്ദേഹത്തിന്റെ ചിന്തകൾ, പൗരസ്ത്യ പാരമ്പര്യത്തിലെ മണിമുത്തുകളാണ്. മാക്സിമസിനെപ്പറ്റിയുള്ള സുപ്രധാനമായ ഒരു പഠനം Hans Urs Von Balthasar ന്റെ Liturgie Cosmique[1] എന്ന കൃതിയിൽ ലഭ്യമാണ്. Lars Thunberg, അദ്ദേഹത്തിന്റെ 'Microcosm and Mediator'[2] എന്ന രചനയിൽ സമഗ്രമായ ഒരു പഠനം നടത്തിയിട്ടുണ്ട്. Balthasar ന്റെ വീക്ഷണത്തിൽ, ഓറിഗൻ, നിസ്സായിലെ ഗ്രീഗോറിയോസ്, മാക്സിമസ് എന്നിവർ പിതൃവിജ്ഞാനീയ പാരമ്പര്യത്തിന്റെ ശക്തമായ സ്തംഭങ്ങളാണ്. മാക്സിമസിനെ സംബന്ധിച്ച അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ ചോദി

ക്കുന്നു: ഇന്നത്തെ അസ്തിത്വവാദികളും ആദർശവാദികളും ഉന്നയിക്കുന്ന സമസ്യകൾ തന്നെയല്ലേ, ഗ്രീഗോറിയോസും മാക്സിമസും അവരുടെ ചരിത്രപശ്ചാത്തലത്തിൽ ഉന്നയിച്ച് ചർച്ച ചെയ്തതും, ഇന്നത്തെ നമ്മുടെ അസ്തിത്വത്തെ വ്യക്തമാക്കുന്നതുമായ ചോദ്യങ്ങൾ?

യവന-ക്രിസ്തീയ ചിന്തയുടെ സമ്പൂർണ്ണ പുഷ്ക്കലത മാക്സിമസിൽ കാണാം. അതുമായി താരതമ്യപ്പെടുത്തിയാൽ, വളരെ കാലത്തിനുശേഷം ജീവിച്ചിരുന്ന ബൈസന്റൈൻ ചിന്തകനായ Gregory Palamas ഒരുപടി പിന്നിൽ തന്നെയായിരിക്കും. ഗ്രീഗോറിയോസും ദീവന്നാസ്യോസും തെളിച്ച പാതയിലൂടെയാണ് മാക്സിമസ് സഞ്ചരിക്കുന്നത്: 'അതായത്, ദൈവത്തിന്റെ ഊർജ്ജം (Energeia) പ്രപഞ്ചത്തിൽ തുളച്ചുകയറി വ്യാപരിക്കുന്നു; അതേസമയം ദൈവം പ്രകാശിത മേഘങ്ങൾക്കപ്പുറത്ത് നാമരഹിതനായി, മനുഷ്യമനസ്സുകൾക്ക് അഗ്രാഹ്യനായി, നമ്മുടെ അറിവിനെയും, എല്ലാ സത്തുക്കളെയും എല്ലാ നന്മയെയും അതിർ ലംഘിച്ച് സ്ഥിതിചെയ്യുന്നു.'

ഗ്രീഗോറിയോസിലും, ദീവന്നാസ്യോസിലും പ്രകാശിതമാകുന്ന ആശയത്തെ മാക്സിമസ് കൂടുതൽ വിശദമാക്കുന്നു: അതായത്, മനുഷ്യൻ, ദൈവത്തിനും പ്രപഞ്ചത്തിനും മദ്ധ്യേയുള്ള മദ്ധ്യസ്ഥനാണ്. 'മദ്ധ്യസ്ഥത', 'ഇടനിലക്കാരൻ' എന്നിവ യവന പാരമ്പര്യത്തിലുള്ളവയാണ്. പ്ലേറ്റോയുടെ വിജാതീയ വിദ്യാലയത്തിലും, ക്രിസ്തീയ പാരമ്പര്യത്തിൽ ഓറിഗന്റെ വിദ്യാലയത്തിലും ഇത് വ്യക്തമായി ദർശിക്കാവുന്നതാണ്. മദ്ധ്യപ്ലേറ്റോണിക് ചിന്തയനുസരിച്ച്, ഇടനിലക്കാരൻ ആരോഹണക്രമത്തിൽ, തൊട്ടുമുകളിലുള്ള പടിയിൽ ഭാഗഭാക്കാകുന്നു. അന്തിമ പടിയായ nous (പ്രപഞ്ച പ്രാണൻ) ഏകനായ ദൈവത്തിൽതന്നെ പങ്കാളിയാകുന്നു. ഈ ക്രമീകരണമനുസരിച്ച്, തുലോം ചെറുതായ മണൽതരി പോലും, അതിന് അസ്തിത്വം നൽകുന്ന ദൈവശക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

'എല്ലാം' "ഒന്നു"മായി തുടർബന്ധത്തിലാണ് എന്ന ചിന്താധാരയിൽ, നിസ്സായിലെ ഗ്രീഗോറിയോസ് ഒരു "തുടർച്ചയില്ലായ്മ" എന്ന ആശയം അവതരിപ്പിച്ചിട്ടുണ്ട്; അതായത്, സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള നികത്താനാവാത്ത പിളർപ്പ്. പ്രപഞ്ചത്തിൽ ദൈവത്തിന്റെ ഊർജ്ജം വഴിയായുള്ള അന്തർയാമിത്വം, തന്റെ ഉണ്മയിൽ, ദൈവത്തിനുള്ള ഇന്ദ്രിയാതീതവും ശ്രേഷ്ഠവുമായ സ്വാതന്ത്ര്യം എന്നിവ തമ്മിലുള്ള സംഘർഷം മാക്സിമസിന്റെ ചിന്തയിൽ പ്രധാന സ്ഥാനം വഹിക്കുന്നുണ്ട്.

തന്റെ ആത്മാവു മൂലം ദൈവം പൂർണ്ണമായി എല്ലാറ്റിലും പ്രത്യേകമായി ഓരോന്നിലും, സന്നിഹിതനാണ്; എന്നാൽ തന്റെ ഉണ്മ, ഇവയാൽ പരിമിതപ്പെടുന്നുമില്ല. ഈ ആശയം, ദൈവം, പ്രപഞ്ചം ഇവയെ ബന്ധിപ്പിക്കുന്ന ഒരു പൊതുഘടന നൽകുന്നു എങ്കിലും ദൈവം (പ്രപഞ്ചം, എല്ലാം അതിൽ പങ്കാളികളാകുന്നു എന്ന ദൈവം) പങ്കാളിയാകുന്ന പ്രപഞ്ചം (അതിൽ മനുഷ്യരാശി ഉൾപ്പെടെയുള്ള എല്ലാ ഘടകങ്ങളുമുണ്ട്) എന്നിങ്ങനെ ഒരു ദ്വന്ദവാദം അതിൽ നിലനില്ക്കുന്നുണ്ട്. കർത്താവും കർമ്മവും തമ്മിലുള്ള പരസ്പര വിനിമയമല്ല; സൃഷ്ടിപരമായ സ്നേഹവും അതിനോടുള്ള പ്രതികരണവുമാണ് യാഥാർത്ഥ്യത്തിന്റെ അടിസ്ഥാന താളവും ലയവും. പ്രപഞ്ചത്തിന് മാത്രമുള്ളതല്ല ഈ പാരസ്പര്യം. ചത്ത നിഷ്ക്രിയത്വമല്ല, മറിച്ച് ക്രിയാത്മക പ്രതികരണങ്ങളാണ് ഈ പാരസ്പര്യം. യവന വിജാതീയ ചിന്തയിൽ വസ്തു ചെറുക്കുന്നതാണ്; എന്നാൽ ഇവിടെ അങ്ങനെയല്ല, അത് പ്രതികരണക്ഷമതയുള്ളതാണ്. കേവല ക്രിയ (പ്രവർത്തനം) യാണ് യാഥാർത്ഥ്യം എന്ന അരിസ്റ്റോട്ടിലിന്റെ ചിന്തയെ മാക്സിമസ് ഖണ്ഡിക്കുന്നു. യാഥാർത്ഥ്യം ഒരേസമയം ക്രിയാത്മകവും നിഷ്ക്രിയവുമാണ്: സൃഷ്ടിപരവും പ്രതികരണശേഷിയുള്ളതുമാണ്. നിഷ്ക്രിയത്വവും ഗ്രഹണക്ഷമതയും അപൂർണ്ണതകളല്ല; മറിച്ച് സ്രഷ്ടാവിനോട് പ്രതികരിക്കാനായി സൃഷ്ടിക്കപ്പെട്ട നൈപുണിയുടെ പ്രകാശനമാണ്.

അന്തർയാമിയായ ദൈവം എല്ലാ ജീവികളുടെയും യഥാർത്ഥ സ്വത്വമാണ്. ഇന്ദ്രിയാതീനനായ ദൈവം സ്വത്വത്തെയും, സ്വത്വരാഹിത്യത്തെയും അതിർലംഘിച്ച് എല്ലാറ്റിന്റെയും സ്രോതസ്സായി നില്ക്കുന്നു. തന്റെ ഊർജ്ജം അഥവാ സർഗ്ഗശക്തി, സൃഷ്ടിയിൽ വെളിപ്പെട്ടിരിക്കുന്നു. തന്റെ സാരാംശം വെളിപ്പെട്ട സകല സ്വത്വങ്ങൾക്കും അപ്പുറമാണ്. ദൈവത്തെപ്പറ്റിയുള്ള പ്രഖ്യാപനങ്ങൾ തന്റെ ഊർജ്ജത്തോട് ബന്ധപ്പെട്ടവയാണ്; തന്റെ സാരാംശത്തെപ്പറ്റിയാകട്ടെ ഋണ ('നേതി') പ്രസ്താവനകൾ മാത്രമേ സാധ്യമാകൂ. എന്നാൽ ദൃഢപ്രഖ്യാപനങ്ങളും 'നിഷേധ' പ്രസ്താവനകളും ചേർന്ന് വരേണ്ടതാണ്. ഇവിടെ ഹിന്ദു-ബുദ്ധ പാരമ്പര്യങ്ങളും ക്രിസ്തീയ പാരമ്പര്യങ്ങളുമായി സൂക്ഷ്മമായ അന്തരമുണ്ട്. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യവും, ഹിന്ദു-ബുദ്ധ പാരമ്പര്യങ്ങളും ദൈവത്തെപ്പറ്റി പറയുമ്പോൾ 'നേതി', 'നേതി' ('ഇതല്ല', 'ഇതല്ല') എന്നു പറയുന്നതിൽ യോജിക്കുന്നുണ്ട്. എന്നാൽ ഈ 'നിഷേധ' പ്രസ്താവനകൾ പൂർണ്ണ സത്യമല്ല, അത് സത്യമാകുന്നത്, ദൈവത്തിന്റെ ഊർജ്ജ (സർഗ്ഗശക്തി) ത്താൽ സൃഷ്ടിക്കപ്പെട്ടു പരിപാലിക്കപ്പെടുന്നവയെപ്പറ്റിയുള്ള പ്രഖ്യാപനങ്ങളുമായി "സംഘർഷ"ത്തിൽ നിർത്തുമ്പോഴാണ്. സ്വത്വവും സ്വത്വമില്ലായ്മയും ദൈവത്തിന്റെ അന്തരാമിത്വത്തിന്റെയും, ഇന്ദ്രിയാതീതത്വത്തിന്റെയും പരിമാണങ്ങളാണ്.

നമ്മുടെ മുഖ്യ താല്പര്യം, മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ ഗ്രഹിക്കുക എന്നതാകയാൽ, മാക്സിമസ്സിനെക്കുറിച്ചുള്ള നമ്മുടെ പഠനം, അദ്ദേഹത്തിന്റെ പ്രപഞ്ച ഘടനാശാസ്ത്രം, നരവംശശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട ചില ആശയങ്ങളിലേക്കു ചുരുക്കാം. പൗരസ്ത്യചിന്തയെ വീണ്ടും പ്ലേറ്റോയുടെ 'ആശയങ്ങളുടെ ലോക'ത്തേക്കു കൊണ്ടുപോകുന്നു എന്നത് സുപ്രധാനമാണ്. നിസ്സായിലെ ഗ്രീഗോറിയോസാകട്ടെ, ക്രിസ്തീയ ചിന്തയെ പ്ലേറ്റോയുടെ ആശയങ്ങളിൽനിന്നും വിമുക്തമാക്കാനാണ് ശ്രമിച്ചിരുന്നത്. 'വ്യക്തിഗത സംഗതി'കളിൽനിന്നും വിഭിന്നമായ 'ആശയങ്ങളുടെ ലോകത്തെ' ഗ്രീഗോറിയോസ് നിരാകരിച്ചിരുന്നു; അതുവഴി 'അറിവിന്റെ ശാസ്ത്ര'ത്തെ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു. Balthasar-ന്റെയും Von Ivanka-യുടെയും അഭിപ്രായത്തിൽ, എങ്ങനെ പ്രാപഞ്ചികമായ ആശയങ്ങൾ വഴിയല്ലാതെ, മനുഷ്യന് സാരാംശത്തെപ്പറ്റി ഗ്രഹിക്കാനാവും എന്നതിനെപ്പറ്റി ഗ്രീഗോറിയോസ് സമ്പൂർണ്ണമായ ഒരു വിശദീകരണം നല്കുന്നില്ല.[3] ദൈവത്തിന്റെ മൂല സൃഷ്ടി ചിന്തയെ മാക്സിമസ്സ്, പ്ലേറ്റോയുടെ 'ആശയങ്ങളുടെ' മേഖലയിലേക്ക് തിരികെ കൊണ്ടുവരുന്നു. പിന്നീട്, അത് ഓറിഗനിലെപ്പോലെ ത്രിത്വത്തിൽ രണ്ടാമനായ 'വചന'ത്തോട് താദാത്മ്യപ്പെടുന്നു.

> 'എല്ലാറ്റിനെയുംപറ്റിയുള്ള ആശയങ്ങൾ ദൈവത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ്, സംഭവിക്കുന്നതിനു മുമ്പുതന്നെ ദൈവം സകലവും അറിയുന്നു എന്നു പറയുന്നത്. അസ്തിത്വമുള്ള എല്ലാറ്റിന്റെയും സത്യം താൻതന്നെയാകയാൽ, എല്ലാം അവനിലും, അവനോടൊപ്പവുമാകുന്നു. നിലവിലുള്ളതും ഇനി ഉണ്ടാകുവാനുള്ളതുമായ സകലവും, ദൈവത്തിന്റെ ജ്ഞാനത്തിലുള്ളത് പൊടുന്നനെ സംഭവിക്കുന്നില്ല; മറിച്ച്, ഓരോന്നും, അതതിന് മുന്നമെ നിർണ്ണയിച്ചിട്ടുള്ള സമയത്ത് ഉണ്ടായി വരുന്നു. എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും, നിർവചിക്കപ്പെട്ടിരിക്കുന്നതും അവയുടെ 'ആളത്വത്തിലും' 'ആയിത്തീരലിലും', അവയുടെ പ്രത്യേക 'ആശയങ്ങൾ' വഴിയും അവയോട് സാമ്യമുള്ള മറ്റ് സത്തകൾ വഴിയുമാണ്. അങ്ങനെ എല്ലാ സത്തകളെയും അതിരിടുന്നത് അവയുടെ ആശയങ്ങളാണ്.[4]

എന്നാൽ ആശയങ്ങളുടെ ആധിക്യത്തിന് ഉദ്ഗ്രഥനം നൽകുന്ന ഒരു 'ആശയ" (വചന) മുണ്ട്. ഏകമായ ആ വചനം ഐക്യത്തിൽ ഇന്ദ്രിയാതീതവും, ആശയങ്ങളുടെ ആധിക്യത്തിൽ, ഓരോ സത്ത (ജീവി) യുടെയും അന്തര്യാമിയുമായി വർത്തിക്കുന്നു. മാക്സിമസ്സിന്റെ നരവംശ ശാസ്ത്രത്തിൽ ഇതിന് നിർണ്ണായക ഫലങ്ങളുണ്ട്. ഇതനുസരിച്ച് 'മനുഷ്യൻ' എന്ന ആശയം മുൻനിർണ്ണയിക്കപ്പെടുന്നതാണ്; മാത്രമല്ല, 'സ്വാതന്ത്ര്യം' എന്ന ആശയത്തിന്, മാക്സിമസ്സിന്റെ ചിന്തയിൽ പ്രാധാന്യം കുറഞ്ഞ ഒരു സ്ഥാനമേയുള്ളു. മാക്സിമസ്സിന്റെ ലക്ഷ്യം, മനുഷ്യരാശിയെ അതിന്റെ ആദിരൂപമുപയോഗിച്ച് നിർവചിക്കുക എന്നതാണ്; അതായത് 'മനുഷ്യപുത്രനായ" ദിവ്യവചനം. അങ്ങനെ, 'ക്രിസ്താനുകരണം', മാക്സിമസ്സിലെ പ്രധാന ധാർമ്മിക മൂല്യമാണ്. യേശുക്രിസ്തുവിനോട് താദാത്മ്യം നേടുന്ന അളവിൽ നമ്മൾ മനുഷ്യത്വമുള്ളവരായിരിക്കും.

പിതൃവിജ്ഞാനീയത്തിലെ ഉൾക്കാഴ്ചയുടെ തുടർച്ചയായി, മാക്സിമസ്സ് ഇങ്ങനെ വാദിക്കുന്നു: ദൈവം സത്തകളെയും ജീവികളെയും അറിയുന്നത്, അവയുടെ "ആശയങ്ങൾ" വഴിയല്ല; മറിച്ച് അവ തന്റെ ഇച്ഛരൂപം നൽകപ്പെട്ടതാകയാലാണ്. ദൈവത്തിന്റെ മനസ്സിലുള്ള 'ആശയ'ങ്ങളെ തന്റെ ഇച്ഛാശക്തിയാൽ പ്രത്യേക സത്തകളായിത്തീർക്കുന്നു. അങ്ങനെ 'ആശയ'ങ്ങൾപോലും ദൈവത്തിന്റെ ഇച്ഛയുടെ സന്താനങ്ങളാണ്. സൂക്ഷ്മമായിപ്പറഞ്ഞാൽ, ആശയവും ഓരോ സത്തയുടെയും നിലനില്പും, ദൈവത്തിന്റെ ഇച്ഛയെ ആശ്രയി

ച്ചിരിക്കുന്നു.

അതിൻപ്രകാരം, നിശ്ചിത 'സത്തയ്ക്ക്' 'സമ്പൂർണ്ണ'തയുമായുള്ള ബന്ധം ദൈവത്തിന്റെ ഇച്ഛയിൻപ്രകാരമാണെന്ന് മാക്സിമസ്സ് പ്രസ്താവിക്കുന്നു. അങ്ങനെ വരുമ്പോൾ, ചരിത്രത്തിലെ ഓരോരോ സംഭവവും, 'ആശയങ്ങളുടെ ലോക'ത്തിന്റെ പ്രതിഫലനമല്ല. ഓരോ സത്താഭാഗത്തിനും, സമ്പൂർണ്ണതയോട് ബന്ധമുണ്ട്; അത് ദൈവത്തിന്റെ ഇച്ഛ നിർണ്ണയിക്കുന്നതുപോലെയായിരിക്കും. ഓരോ വസ്തുവിനും മറ്റുള്ളവയുമായുള്ള ബന്ധം, അതതിന്റെ പ്രത്യേകതകൾ അനുസരിച്ചായിരിക്കും. ഈ ബന്ധത്തിന്റെയും, അന്തരങ്ങളുടെയും വിധാതാവ് ദൈവമാണ്. മറ്റുള്ളവയുമായി താദാത്മ്യമില്ലാത്തതാണ്, ഓരോന്നിന്റെയും അനന്യതയുടെ ഉറപ്പ്. വൈജാത്യങ്ങൾ ഓരോന്നിന്റെയും വ്യക്തിത്വത്തെ സംരക്ഷിക്കുന്നു; ഇത് ലോകത്തിന്റെ അടിസ്ഥാന സ്വഭാവം തന്നെയാണ്. എന്നാൽ വൈജാത്യങ്ങളും അവയെ അടിസ്ഥാനമാക്കിയുള്ള അനന്യതയും, മറ്റുള്ളവയുമായുള്ള ബന്ധത്തിലാണ് നിലനില്ക്കുന്നത്. അനന്യത എന്നാൽ സ്വാതന്ത്ര്യം എന്നർത്ഥമല്ല.

മാക്സിമസ്സിന്റെ വീക്ഷണത്തിൽ, സൃഷ്ടസത്തയുടെ സവിശേഷതയാണിത്; "ആയിരിക്കുക" എന്നു മാത്രമല്ല, ഒരു "പ്രത്യേക രീതിയിൽ ആയിരിക്കുക" എന്നാണത്. കേവലം "ആയിരിക്കുക" എന്നത് ദൈവത്തിനു മാത്രം സാദ്ധ്യമായ സംഗതിയാണ്. ഒരു സൃഷ്ടസത്ത "ഉണ്ട്" എന്നു പറയുന്നത്, ഒരു പ്രത്യേക രീതിയിലും മറ്റുള്ളവരുമായുള്ള പ്രത്യേക ബന്ധത്തിലുമാണ്. ഓരോന്നിനും, അതതിന്റേതായ പ്രത്യേക സ്ഥലവും കാലവുമുണ്ട്.

സ്ഥലകാലങ്ങളെപ്പറ്റിയുള്ള നമ്മുടെ ആധുനിക ഉൾക്കാഴ്ചകൾക്കു വളരെയടുത്താണ് മാക്സിമസ്സിന്റെ ചിന്താധാര. "അനന്തമായ സ്ഥല"മെന്നോ "അനന്തമായ കാലം" എന്നോ പറയുന്നത് പരസ്പരവിരുദ്ധമാണ്. എന്നാൽ സമയവും കാലവും ഭൗതികവും, ജ്യോതിശാസ്ത്രപരവുമായ യാഥാർത്ഥ്യങ്ങളല്ല; മറിച്ച്, അസ്തിത്വത്തിന്റെ സത്താപരമായ പരിമിതികളാണ്. "കാലയളവും", 'ദീർഘിപ്പിക്കലും' മാക്സിമസ്സിന്റെ ദൃഷ്ടിയിൽ പരിമിതിയെ സൂചിപ്പിക്കുന്നു. ഇക്കാര്യത്തിൽ മാക്സിമസ്സ് ഗ്രീഗോറിയോസിൽനിന്നും വ്യത്യസ്തമാണ്. ഗ്രീഗോറിയോസിന്റെ ചിന്തയിൽ സൃഷ്ടജീവികൾക്ക് അനന്തകാലത്തേക്ക്, അനന്തമായി പുരോഗതി കൈവരിക്കാവുന്നതാണ്. താൽക്കാലികത്വവും പരിമിതിയും ഒരുമിച്ചു പോകുന്നവയാണെന്നും, പൂർണ്ണ രക്ഷ പ്രാപിക്കുന്ന മനുഷ്യൻ, താൽക്കാലികത്വത്തിൽനിന്ന് നിത്യതയിലേക്കു നീങ്ങുന്നുവെന്നും, ആ അവസ്ഥ ദൈവത്തിന്റെ തന്നെ പ്രത്യേകതയാണെന്നും മാക്സിമസ്സ് പ്രസ്താവിക്കുന്നു.

മാറ്റവും, ചലനവും സൃഷ്ടപ്രകൃതിയുടെ പ്രത്യേകതകളാണെന്ന് മാക്സിമസ് കരുതുന്നു. ഈ ചിന്ത ഗ്രീഗോറിയോസിൽ നിന്നും വ്യതിരിക്തമാണ്. ജനനം മുതൽ മനുഷ്യൻ ചലനം വഴി പൂർണ്ണ അസ്തിത്വത്തിലേക്കു പുരോഗമിക്കുന്നു എന്ന് മാക്സിമസ്സ് പറയുന്നു. ആ പൂർണ്ണത 'കാല'വും 'ദീർഘിപ്പിക്കലും' ഇല്ലാത്ത സൗഭാഗ്യമാണ്. നിത്യതയിലാണ് സമ്പൂർണ്ണമായ വിശ്രമം.

"ആയിരിക്കുക", "നല്ലതായിരിക്കുക", "എന്നേക്കുമായിരിക്കുക" എന്ന ത്രിവിധ വീക്ഷണങ്ങളുമായി സാമ്യമുള്ളതാണ് മാക്സിമസ്സിന്റെ 'ഉല്പത്തി', 'ചലനം', 'പൂർണ്ണത' എന്ന 'ത്രിവേണി' എന്ന് Balthasar ചൂണ്ടിക്കാണിക്കുന്നു.[5] മാക്സിമസ്സിന്റെ ചിന്തയിൽ "ആയിത്തീരുക" എന്നതു തുടക്കം മാത്രം. നിങ്ങൾ എന്താണോ അത് ആയിത്തീർന്നു കഴിഞ്ഞാൽ, പിന്നീട് "ആയിത്തീരേണ്ട"യാവശ്യമില്ല. "ആയിരിക്കുക", "എന്നേക്കും ആയിരിക്കുക" എന്നിവ ദൈവത്തിന്റെ ദാനമാണ്; എന്നാൽ "നന്മയായിരിക്കുക" എന്നത് നമ്മുടെ സ്വതന്ത്ര ഇച്ഛാശക്തിയെ ആശ്രയിച്ചിരിക്കുന്നു. "ആയിത്തീരുക" എന്ന നിലയിലുള്ള നമ്മുടെ സൃഷ്ടി, ഉത്ഭവത്തിൽനിന്നും പൂർണ്ണതയിലേക്ക്, ഇച്ഛാശക്തിയോടെ നന്മയിലേക്കുള്ള ആരോഹണത്തിൽ, ഉള്ള ഗമനമാണ്. ആയിത്തീരുന്നതിന്റെ അതിർത്തി നിത്യജീവിതമാണ്. ക്ഷീണിതവും, വിശ്രമമാവശ്യവുമായ ഒരു യുഗത്തിലാണ് അഗസ്തീനോസും മാക്സിമസും ജീവിച്ചിരുന്നത്. അവിടെ സമ്പൂർണ്ണമായ രക്ഷയാണ് അത്യുത്തമം.

മാക്സിമസ്സിന്റെ ചിന്തയിലെ മറ്റൊരു സുപ്രധാന ഘടകം, "വസ്തുക്കളുടെ രക്ഷ" എന്ന ദർശനമാണ്. അദ്ദേഹം ഇങ്ങനെ പറയുന്നു:

"ലോകത്തിലെ വസ്തുക്കൾ, മനുഷ്യർ മരിക്കുന്നതുപോലെ, വീണ്ടും പുനർജീവൻ പ്രാപിക്കുവാൻ മരിക്കേണ്ടതാണ്. മരണത്തിനു മുമ്പെന്ന പോലെ, വാർദ്ധക്യം മാറി, യുവത്വം പ്രാപിക്കേണ്ടതാണ്. എല്ലാറ്റിന്റെയും



ഭാഗമായി, വലിയ പ്രപഞ്ചത്തിലെ ഒരു ചെറിയ ലോകമായി, മനുഷ്യനും പുനർജീവൻ നേടി എഴുന്നേല്ക്കേണ്ടതാണ്. (മനുഷ്യരാശിയും പ്രപഞ്ചവും) അനശ്വരത പ്രാപിക്കും; ശരീരം, ആത്മാവിന് അനുരൂപമായ ഒരു രൂപത്തിലാകും; ബോധമുള്ളവയെല്ലാം, ആത്മജീവികളുമായി താദാത്മ്യപ്പെടും. സർവ്വാതീതമായ ദിവ്യശക്തി, ഓരോ വസ്തുവിന്മേലും അതതിന്റെ പ്രാപ്തിക്കു തക്കവണ്ണം, ശക്തി സംക്രമിപ്പിക്കും; അത് സ്വയം വെളിപ്പെടുത്തുകയും, സാന്നിദ്ധ്യമറിയിക്കുകയും ചെയ്യും. ഇത് നിത്യതയിലേക്കുള്ള അവിച്ഛിന്നമായ ഐക്യമാണ്."[6]

വി. പൗലോസ് റോമർക്ക് എഴുതുന്നതുപോലെ, മനുഷ്യരാശി, അതിന്റെ പരിത്രാണത്തിന്റെ സമ്പൂർണ്ണതയിലെത്തുമ്പോൾ, "വസ്തുവും" അതിന്റെ നശ്വരതയിൽനിന്നും മരണാധീനതയിൽനിന്നും സ്വതന്ത്രമാകുന്നു. ക്രിസ്തു, മനുഷ്യന്റെ മദ്ധ്യസ്ഥതയിലൂടെ, എല്ലാറ്റിനെയും തന്നിലേക്ക് ആവാഹിക്കുകയും, സമസ്ത സൃഷ്ടികളെയും തന്നിൽ ഒന്നാക്കുകയും ചെയ്യും.

Lars Thunbarg, മനുഷ്യൻ, ദൈവത്തിനും പ്രപഞ്ചത്തിനുമിടയിലുള്ള മദ്ധ്യസ്ഥനാണെന്ന ആശയം നന്നായി വ്യാഖ്യാനിക്കുന്നുണ്ട്. മദ്ധ്യസ്ഥതയുടെ അഞ്ചു പടികൾ അദ്ദേഹം അടയാളപ്പെടുത്തുന്നു.

a) പുരുഷനും സ്ത്രീയ്ക്കുമിടയിൽ: ക്രിസ്തു തന്നിൽത്തന്നെ പുരുഷനും സ്ത്രീയുമായിരുന്നു. സ്ത്രീയുടെ പ്രത്യേകതകൾ ഒഴിവാക്കി പുരുഷനെ മാത്രമോ, നേരെ തിരിച്ചോ ആയിട്ടല്ല മനുഷ്യൻ മദ്ധ്യസ്ഥത നിർവഹിക്കേണ്ടത്. മനുഷ്യൻ പുരുഷന്റെയും സ്ത്രീയുടെയും പ്രത്യേകതകൾ പൂർണ്ണമായി ഉദാത്തവൽക്കരിച്ച് തന്നിൽ ഉൾക്കൊള്ളേണ്ടതാണ്.

b) പറുദീസയ്ക്കും ലോകത്തിനുമിടയിൽ: നന്മ, നീതി, ശാന്തി, പുണ്യം, ധാർമ്മികത എന്നിവ ഉൾക്കൊള്ളുന്ന സമൂഹമാണ് പറുദീസാ. പറുദീസയ്ക്കും ആവാസഭൂമിക്കുമിടയിൽ ക്രിസ്തുവിൽ, മദ്ധ്യസ്ഥനായിരിക്കേണ്ടത് മനുഷ്യനാണ്. ഭൂമിയിൽ, പറുദീസയിലെ ജീവൻ പ്രത്യക്ഷീകരിച്ചും മൂർത്തീകരിച്ചുമാണിത് നടക്കേണ്ടത്. ദൈവസദൃശ്യമായ ഒരു ജീവൻ ശീലിച്ചുകൊണ്ട് മനുഷ്യൻ പറുദീസയ്ക്കും ചരിത്രത്തിനുമിടയിൽ മദ്ധ്യസ്ഥത വഹിക്കേണ്ടതാണ്. മറ്റുള്ളവരുമായുള്ള ബന്ധം, അച്ചടക്കം (ആത്മാനുശാസനം), സ്വേച്ഛയാലുള്ള

പീഡ, അദ്ധ്വാനം എന്നിവയാലാണ് ഇപ്പറഞ്ഞ ജീവൻ വെളിപ്പെടുന്നത്.

c) ഭൂമിയ്ക്കും സ്വർഗ്ഗത്തിനുമിടയിൽ: ദൈവേച്ഛ കാക്കപ്പെടുന്ന സ്വർഗ്ഗത്തിനും, അതു നടപ്പാകാത്ത ഭൂമിയ്ക്കുമിടയിലുള്ള വിടവ് മനുഷ്യൻ നികത്തേണ്ടതാണ്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം, ഇന്ദ്രിയഗോചരമായതിനപ്പുറത്തേക്കുള്ള മനുഷ്യന്റെ പ്രവേശനത്തിന്റെ പ്രതീകമാണ്. ഭൂമിയിൽ വസിക്കുമ്പോൾത്തന്നെ, സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിനും, അങ്ങനെ സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും മനുഷ്യനു കഴിയണം. അപ്പഴപ്പോഴുള്ള ലൗകിക ചോദനകളിൽനിന്ന് മനുഷ്യൻ സ്വതന്ത്രനാകുമ്പോൾ, അവന് ബോധവും വിവേകവുമുള്ള 'ആശയ'ങ്ങൾ ഗ്രഹിക്കുകയും, ധ്യാനം വഴി ആശയങ്ങൾക്കു പിന്നിലുള്ള സത്യത്തിന്റെ ഐക്യത്തിലേക്ക് ഉയരുന്നതിനും സാധിക്കുന്നു.

d) ഗ്രഹണത്തിനും ബോധത്തിനുമിടയിൽ:

വസ്തുവിനും ആത്മാവിനുമിടയിലുള്ള മദ്ധ്യസ്ഥൻ എന്ന മനുഷ്യന്റെ ഉത്തരവാദിത്തം, മേല്പറഞ്ഞ മൂന്നാമത്തെ (സി) മദ്ധ്യസ്ഥതയുമായി സാമ്യമുള്ളതും എന്നാൽ വ്യതിരിക്തവുമാണ്. ക്രിസ്തു തന്റെ ശരീരം തന്നോടൊപ്പം സ്വർഗ്ഗത്തിലേക്കാനയിച്ചു. മനുഷ്യനിൽ, 'വസ്തു' ആത്മമേഖലയിലേക്കു പ്രവേശിക്കുന്നു. മനുഷ്യരാശി, അതിന്റെ ഇന്ദ്രിയാധിഷ്ഠിത യാഥാർത്ഥ്യങ്ങളുടെ അതിരിലേക്കും നയിക്കപ്പെടുകയും, അവിടെ നിന്നും, സ്ഥല-കാലങ്ങളെ അതിർലംഘിച്ച്, മൂല 'ആശ'യത്തിലേക്ക് എത്താനും ഉത്തേജിക്കപ്പെടുന്നു. ഈ മൂല തത്വമാണ് സ്ഥല-കാല ലോകത്തെ യാഥാർത്ഥ്യങ്ങളെ കർമ്മനിരതമാക്കുന്നത്. വി. കുർബാനയിലൂടെയാണ് മനുഷ്യൻ ദൈവസാന്നിധ്യത്തിലേക്കു പ്രവേശിക്കുന്നത്. ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും വാതായനങ്ങൾ ബന്ധിച്ചശേഷം, മനുഷ്യൻ, തന്റെ ശരീരത്തിൽത്തന്നെ സ്ഥിതി ചെയ്തുകൊണ്ട്, സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിന്റെ ശരീരരക്തങ്ങളിൽ സംസർഗ്ഗം ചെയ്യുന്നു.

e) ദൈവത്തിനും, തന്റെ സൃഷ്ടിക്കുമിടയിൽ: ക്രിസ്തു തന്നെയാണ് ഇവിടെ വീണ്ടും മൂല തത്വം. പരമമായ സ്നേഹത്തിലൂടെയാണ് ഈ മദ്ധ്യസ്ഥത നിറവേറുന്നത്. മനുഷ്യൻ ദൈവസ്നേഹത്തിന് സ്വയം സമർപ്പിക്കുകയും, കൃപയാൽ ദൈവത്തോടു ചേരുകയും ചെയ്യുമ്പോൾ, അവൻ ദൈവത്തിലേക്കു പൂർണ്ണമായി പ്രവേശിക്കുന്നു, അങ്ങനെ ദൈവതുല്യനായി ഭവിക്കുന്നു; എന്നാൽ അവന്റെ, 'മനുഷ്യൻ' എന്ന അനന്യവ്യക്തിത്വം നഷ്ടപ്പെടുന്നുമില്ല. ക്രിസ്തുവിൽ ദൈവം മനുഷ്യനായി; മനുഷ്യൻ ദൈവവുമായി. പരമാനന്ദപ്രദമായ സ്നേഹത്തിലൂടെ ക്രിസ്തുവിലുള്ള ഈ ദൈവ-മനുഷ്യ ഐക്യം, വീണ്ടും വീണ്ടും മനുഷ്യന്റെ അനുഭവത്തിൽ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നു. ഇവിടെ ചിന്തകളും ധാരണകളും യോഗാത്മക ഐക്യത്തിനു വഴിമാറുന്നു. മനുഷ്യനും ദൈവവും ഒരു സ്നേഹക്രിയാബന്ധത്തിലേക്കു പ്രവേശിക്കുന്നു. ഒരാളിന്റെ ഗുണങ്ങൾ, സ്വത്വം എന്നിവയിലേക്ക് മറ്റെയാൾ തുളച്ചുകയറുന്നു.[8] അങ്ങനെ മനുഷ്യനും ദൈവവും അവരവരുടെ വ്യക്തിത്വത്തിനും അനന്യതയ്ക്കും ഭംഗം വരാതെ, പരസ്പരസംഗമത്തിലൂടെ ഒന്നായിത്തീരുന്നു. ഈ പരസ്പര വ്യാപനം, സമസ്ത സൃഷ്ടിയുടെയും പേരിലാണ്; എന്നാൽ അത് സൃഷ്ടിയെ അതിർലംഘിക്കുന്നു; അങ്ങനെ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വിടവ് ഒരു പാലം മൂലം ഇല്ലാതാകുന്നു. ഇത് കൃപയാലാണ് സംഭവിക്കുന്നത്. ആത്മശുദ്ധീകരണം, ദൈവത്തെ ഉൽക്കടമായി തേടുന്ന മനുഷ്യന്റെ ഇച്ഛ എന്നിവയാണ് ഈ ദൈവകൃപയ്ക്ക് വഴിവയ്ക്കുന്നത്. ദൈവവും തന്റെ സൃഷ്ടിയും തമ്മിലുള്ള വലിയ വിടവ് ഇല്ലാതാകുന്നില്ല; എന്നാൽ പരസ്പര സ്നേഹം, ദൈവകൃപ, സ്വതന്ത്രമായ ഇച്ഛയുടെ പ്രയോഗം എന്നിവയാൽ ആ വലിയ വിടവിനു കുറുകെ ഒരു പാലം നിർമ്മിക്കപ്പെടുന്നു. ഓരോ ഭാഗവും തന്നിൽനിന്നും പുറത്തിറങ്ങി മറ്റേതിനെ പുൽകി, സ്നേഹത്തിൽ ഐക്യം കണ്ടെത്തുന്നു.

3. ദൈവത്തിന്റെ സൃഷ്ടിയിൽ മനുഷ്യന്റെ പങ്കാളിത്തം: സമീപകാലത്തുള്ള പൗരസ്ത്യ ചിന്തകൾ

Maximus the Confessor-നു ശേഷം പൗരസ്ത്യ പാരമ്പര്യത്തിൽ നാമമാത്രമായ വളർച്ചയേ ഉണ്ടായിട്ടുള്ളൂ. ദമസ്ക്കോസിലെ യോഹന്നാനിൽ (John of Damascus) പിതൃവിജ്ഞാനീയത്തിന്റെ വിദ്യാഭ്യാസപരവും തർക്കശാസ്ത്രപരവുമായ ഒരു ക്രമീകരണം കാണാം. പലാമസിലെ ഗ്രീഗോറിയോസിൽ (Gregory of Palamas) അതിന്റെ സന്യാസജീവിത പ്രധാനമായ വശങ്ങളുടെ വിശദീകരണമുണ്ട്. Nicolos Cabasilas-ൽ അതിന്റെ ആരാധനാപരമായ വ്യാഖ്യാനം ലഭ്യമാണ്. എന്നാൽ ഇതൊന്നും തന്നെ നിസ്സായിലെ ഗ്രീഗോറിയോസ്, ദീവന്നാസ്യോസ്, മാക്സിമസ്സ് എന്നിവരുടെ ചിന്താമാഹാത്മ്യത്തിനടുത്തെത്തുന്നില്ല.

നമ്മുടെ കാലഘട്ടത്തിലേക്കു വന്നാൽ, പത്തൊമ്പതാം ശതകത്തിലെ റഷ്യൻ ഭാവാത്മക പ്രവാചകനും, ആത്മികതയുടെ പ്രജാപതിയുമായ Vladimir Solovyev-നെ കാണാം. അദ്ദേഹത്തിന്റെ കൃതികളിലെ പ്രധാന ആശയം മനുഷ്യരാശിയെ ഒന്നായി കാണുക എന്നതാണ്. സോഫിയ അഥവാ ജ്ഞാനം എന്നത്, അദ്ദേഹത്തിന്റെ ചിന്തയിൽ, സ്ഥലകാലത്തിലുള്ള സൃഷ്ടി മുഴുവനെയും, സ്ഥലകാലത്തിലുള്ള മനുഷ്യരാശി മുഴുവനെയും, സ്ഥലകാലത്തിലുള്ള സഭ മുഴുവനെയും ഉൾക്കൊള്ളുന്നു. Solovyev, അദ്ദേഹത്തിന്റെ കാലത്തു തന്നെ എക്യുമെനിസത്തിന്റെ പ്രായോജകനായിരുന്നു. ക്രിസ്തുസഭയുടെ മൂന്നു പ്രധാന പാരമ്പര്യങ്ങൾ (പൗരസ്ത്യ ഓർത്തഡോക്സ്, റോമൻ കത്തോലിക്കാ, പ്രോട്ടസ്റ്റന്റ്) കാലക്രമത്തിൽ ഒന്നായും പരസ്പര പൂരകങ്ങളായും തീരുമെന്ന് സ്വപ്നം കണ്ടയാളാണ്: ഈ ദർശനം ഇന്നും പ്രചോദകവും പ്രേരകവുമാണ്. രാഷ്ട്രീയ-സാമ്പത്തിക ചിന്തകളിലെന്നതുപോലെതന്നെ, തത്വശാസ്ത്രം, ദൈവശാസ്ത്രം, കല, സാഹിത്യം എന്നിവയിലും അദ്ദേഹം വ്യാപൃതനായിരുന്നു. ടോൾസ്റ്റോയിയുടെ "തിന്മയെ പ്രതിരോധിക്കാത്ത" മനോഭാവത്തോട് അദ്ദേഹം യോജിച്ചില്ല; മറിച്ച്, അദ്ദേഹം, നീതി, സമാധാനം എന്നിവയ്ക്കുവേണ്ടി പടപൊരുതുന്നയാളായിരുന്നു. നന്മയും തിന്മയും തമ്മിലുള്ള സംഘർഷം ചരിത്രത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് അദ്ദേഹം കരുതിയിരുന്നു. എന്നാൽ, ഈ ജീവൻ-മരണ പോരാട്ടത്തിൽനിന്നും ഒഴിഞ്ഞുനില്ക്കാൻ ശ്രമിക്കുന്ന പൗരസ്ത്യ ദൈവശാസ്ത്രം അപ്രസക്തമാണെന്ന് അദ്ദേഹം ഉറച്ചിരുന്നു.

പാശ്ചാത്യ ജീവിതക്രമത്തിൽ പരസ്പരവിരുദ്ധമായ രണ്ടു പ്രവണതകൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഒന്ന്, ദൈവത്തെ അവഗണിച്ച് മനുഷ്യനെ മഹത്വൽക്കരിക്കുന്ന രീതി; രണ്ട്, മനുഷ്യനെ അവഗണിച്ച് ദൈവത്തെ മാത്രം മഹത്വൽക്കരിക്കുന്ന രീതി. അതായത്, നവോത്ഥാന ശുഭാപ്തി വിശ്വാസവും, അഗസ്റ്റീന്റെ നിരാശ്ശാവാദവും തമ്മിലുള്ള സംഘർഷം. ഇപ്പറഞ്ഞ വാദഗതികളുടെ ഒരു ക്രിയാത്മക സംശ്ലേഷണം, പാശ്ചാത്യജീവിതത്തിൽ ഉണ്ടായിട്ടില്ല; എന്നാൽ, Erosmus, Nicolas of Cusa, St. Francis de sules എന്നിവർ ഇതിന് ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് Solovyev, ദൈവ-മനുഷ്യ സങ്കല്പത്തെ ഒരു സനാതന തത്വമായി അവതരിപ്പിക്കുന്നത്. ഇതിന്റെ അടിവേരുകൾ പഴയനിയമ ചിന്തയിലെ "ജ്ഞാനം" എന്നതിൽ കാണാം. ലോകസൃഷ്ടിക്കു മുമ്പുതന്നെ 'ജ്ഞാനം' പിതാവാംദൈവത്തിൽ 'വചന' (പുത്രൻ)ത്തോടൊപ്പം നിത്യമായി സ്ഥിതിചെയ്തിരുന്നു. വചനം, സൃഷ്ടി (ഉല്പാദന) തത്വവും, ജ്ഞാനം സാക്ഷാത്ക്കാര തത്വവുമാകുന്നു.

മുഴുവനായുള്ളത്, അതിന്റെ അംശങ്ങളെക്കാൾ മുമ്പുള്ളതും, അവയുടെ മുൻ ഉപാധിയുമാണെന്നുള്ള തത്വം അനുസരിച്ച്, സമ്പൂർണ്ണമായ മനുഷ്യവംശം, വ്യക്തിഗതമായ മനുഷ്യനു മുമ്പുള്ളതും, എല്ലാംചേർന്ന് ഒറ്റ സഹജ സമ്പൂർണ്ണതയുമാണെന്ന് Solovyev സമർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ നിഗമനം ഇങ്ങനെയാണ്: "ജ്ഞാന"മെന്നത് സത്യവും സമ്പൂർണ്ണവും സംശുദ്ധവുമായ മനുഷ്യവംശമാണ്, അത് സർവ്വസ്പർശിയായ ഔന്നത്യവും, പ്രപഞ്ചം മുഴുവന്റെയും പ്രകൃതിയുടെയും സജീവ പ്രാണനുമാണ്; അത് നിത്യമായി ദൈവത്തോടു ചേർന്നിരിക്കുന്നു; ഭൗതിക പ്രക്രിയയിൽ അത് ദൈവത്തോടുള്ള ഐക്യം നേടുന്നതും; സകലത്തേയും ദൈവത്തോടു ചേർക്കുന്നതുമാകുന്നു.[10]

പരിസ്ഥിതി പ്രതിസന്ധി എന്ന പുതിയ പ്രതിഭാസം പ്രഭാവിതമാകുന്നതിനു വളരെ മുമ്പുതന്നെ Solovyev പറഞ്ഞു: 'മനുഷ്യന്റെ പരിത്രാണത്തിൽ, പ്രകൃതിയുടെ പരിത്രാണവും ഗൂഢമായി ഉൾക്കൊള്ളുന്നു':

> "ഒന്നാമതു വേണ്ടത്, നമ്മുടെ സാമൂഹ്യവും പ്രാപഞ്ചികവുമായ ചുറ്റുപാടിനെ സജീവമായ ഒരു സത്തയായി പരിഗണിക്കണം. നാം അതിൽ അലിഞ്ഞുചേരുന്നില്ലെങ്കിലും അതുമായി ഏറ്റവും അടുത്തും പൂർണ്ണമായും നാം ഇടപഴകുന്നുണ്ട്. ... സ്ഥലകാലങ്ങളിലുള്ള ജീവികളുമായുള്ള കൃത്രിമ വിടവ് പൂർണ്ണമായി ഒഴിവാക്കുന്നതിന്, അതായത്, ഭൂതകാലത്തും വർത്തമാനകാലത്തുമുള്ള എല്ലാ ജീവികളും അന്തിമമായി

അനശ്വരത പ്രാപിക്കുകയും, ഈ ഉദ്ഗ്രഥനം സാമൂഹ്യവും മാനുഷികവുമായ എല്ലാ അതിർത്തികളും കടന്ന്, അത് എവിടെനിന്ന് യാത്ര ആരംഭിച്ചുവോ, ആ ബ്രഹ്മാണ്ഡ മേഖലയോടു ചേരുകയും ചെയ്യുന്നു.

ഭൗതിക ലോകത്തെ ക്രമപ്പെടുത്തുന്നതിന്, വസ്തുവും മരണവുമുള്ള "രാജ്യ"ത്തിന്റെമേൽ, നൈസർഗ്ഗികമായ പ്രകൃതിസൗന്ദര്യത്തിന്റെ മൂടുപടം ഇട്ടു. മനുഷ്യനിലൂടെയും, മനുഷ്യന്റെ സാർവ്വജനീനമായ യുക്തിബോധത്തിന്റെ പ്രവർത്തനത്തിലൂടെ, ആ "രാജ്യ"ത്തിലേയ്ക്ക് ഉള്ളിൽനിന്നു തന്നെ പ്രവേശിച്ച്, പ്രകൃതിയും ജീവനും, അതിന്റെ മനോഹാരിതയ്ക്കു അനശ്വരതയും നല്കുന്നു. ഈ അർത്ഥത്തിൽ, മനുഷ്യന് പ്രകൃതിയോടുള്ള ബന്ധം വ്യത്യാസപ്പെടുത്തേണ്ടത് അനിവാര്യമാണ്; പ്രകൃതിയോടൊപ്പം മനുഷ്യനും അതേ ഐക്യത്തിലേക്കു പ്രവേശിക്കണം; അതാണ്, വ്യക്തിപരമായും, സാമൂഹ്യമായും അവന്റെ ശരിയായ ജീവനെ നിർണ്ണയിക്കുന്നത്.

പ്രകൃതി, ഇതുവരെ, മനുഷ്യൻ എന്ന സന്തതിയ്ക്ക് ഒരു ഏകാധിപതിയായ മാതാവോ, അഥവാ അവന് അന്യമായ ഒരു അടിമയോ ആയിരുന്നു. പാശ്ചാത്യ ചിന്താധാരയുടെ രണ്ടാം പാദത്തിൽ കവികൾ മാത്രമേ, പ്രകൃതി ജീവന്റെ എല്ലാ അവകാശവുമുള്ളതോ, ഉണ്ടാകുവാൻ കഴിയുന്നതോ ആയ പ്രകൃതിയോട്, അറച്ചറച്ചെങ്കിലും ഗൂഢമായ ഒരു സ്നേഹം സൂക്ഷിച്ചിട്ടുള്ളൂ.

മനുഷ്യനും, അവന്റെ സ്വാഭാവികവും പ്രാപഞ്ചികവും സാമൂഹ്യവുമായ പരിതസ്ഥിതിയുമായി സ്നേഹനിർഭരമായ ഐക്യം സ്ഥാപിക്കേണ്ടത് സുവ്യക്തമായ ഒരു ആവശ്യമാണ്. എന്നാൽ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇത് നേടുന്ന രീതിയല്ലിത്. മുൻവിധിയോ അനുയോജ്യമല്ലാതെ, പ്രപഞ്ചപരവും ചരിത്രപരവുമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആത്മവിശ്വാസത്തോടെ ഇങ്ങനെ പറയാം. ബോധപൂർവ്വമായ ഓരോ മനുഷ്യാനുഭവവും (അവയെ നിർണ്ണയിക്കുന്നത് സാർവ്വലൗകിക ക്രമവും ഏക ലക്ഷ്യവും, ഏതൽക്കാലത്തും അത്യുത്തമമായവ എന്ന ഉദ്ദേശ്യവും) ഭൗതിക സാഹചര്യങ്ങളെ കീഴടക്കുന്നതും ആത്മിക-ലൗകിക നീക്കങ്ങൾ വഴി അതിനെ ആത്മനിർഭരമാക്കുന്നതും, സമ്പൂർണ്ണ ഐക്യത്തിന്റെ ലക്ഷണങ്ങൾ കാത്തുസൂക്ഷിക്കുന്നതുമാണ്.[11]

വ്യക്തിബന്ധങ്ങളെ മാത്രമല്ല, പ്രപഞ്ചവുമായുള്ള നമ്മുടെ ബന്ധത്തെയും നിർണ്ണയിക്കേണ്ടത് സ്നേഹം തന്നെയാണെന്ന് Solovyev അഭിപ്രായപ്പെടുന്നു. നമ്മുടെ സ്നേഹം പ്രസരിപ്പിക്കുന്ന ആത്മിക ഊർജ്ജം ഈ ബ്രഹ്മാണ്ഡത്തെ മുഴുവൻ ഉള്ളിൽനിന്നും രൂപാന്തരപ്പെടുത്താൻ പോരുന്നതാണ്. അങ്ങനെ പ്രപഞ്ചത്തിന്റെമേൽ ദൈവസ്നേഹത്തിന്റെ മുദ്ര പതിയുന്നു. സജീവമായ പ്രപഞ്ചത്തിൽ, മനുഷ്യരാശിയുടെ പൂർണ്ണത എന്ന ഭാഗത്തിന്, ശരീരത്തിൽ ഹൃദയത്തിനോ, തലച്ചോറിനോ ഉള്ള സ്ഥാനമാണ്. ജ്ഞാനം, മനുഷ്യരാശിയും, പ്രപഞ്ച തത്വവുമായ അവകാശപത്രികയാണ്. മനുഷ്യരാശിയുടെ ഘടനതന്നെ, ദൈവത്തിനും പ്രകൃതിയ്ക്കുമിടയിലുള്ള മദ്ധ്യസ്ഥതയുടെ തത്വമാണ്.

ഇരുപതാം ശതകത്തിലെ ഓർത്തഡോക്സ് സഭകൾ Solovyev-ന്റെ പഠിപ്പിക്കലുകൾ ഔദ്യോഗിക പാരമ്പര്യത്തിനു നിരക്കുന്നതാണെന്ന് സ്വീകരിക്കാൻ മടി കാണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാവനാപൂർണ്ണമായ ജ്ഞാനശാസ്ത്രത്തിലെ പല സംഗതികളും ഔദ്യോഗിക പാരമ്പര്യത്തിനന്യമാണെന്നതു ശരിയാണെങ്കിലും, Solovyev, നിസ്സായിലെ ഗ്രീഗോറിയോസ്, ദീവന്നാസ്യോസ്, മാക്സിമസ്സ് എന്നിവരുടെ പാരമ്പര്യത്തിൽ വരുന്നയാളാണെന്നത് നിസ്സംശയമാണ്. പ്രത്യേകിച്ചും, മനുഷ്യൻ, ദൈവത്തിനും സൃഷ്ടികൾക്കുമിടയിലുള്ള മദ്ധ്യസ്ഥനാണെന്നും, പ്രപഞ്ചത്തിന്റെ പരിത്രാണം മനുഷ്യന്റെ പരിത്രാണവുമായി ചേർന്നിരിക്കുന്നുവെന്നുമുള്ള അദ്ദേഹത്തിന്റെ ചിന്ത, പൗലോസ് അപ്പോസ്തോലൻ റോമാ, കൊലോസ്യ ലേഖനങ്ങളിൽ ആരംഭിക്കുന്ന ഔദ്യോഗിക പാരമ്പര്യത്തോട് വിശ്വസ്തത പുലർത്തുന്നതാണ്.

Solovyev-ൽനിന്നും നാം ജീവിക്കുന്ന നൂറ്റാണ്ടിലേക്കു വരുമ്പോൾ, പ്രപഞ്ചവ്യവസ്ഥയിൽ, മനുഷ്യന്റെ വിശിഷ്ട പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞന്മാരുടെ എണ്ണം എത്രയോ കുറവാണെന്നത് ആശ്ചര്യജനകമാണ്! സൃഷ്ടി, പ്രകൃതി, കാലം എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പറ്റി ഏതാനും ചില ലേഖനങ്ങൾ മാത്രമാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്.[12]

കാലം, സ്ഥലം, 'വസ്തുക്കൾ' എന്നിവയുടെ പരിത്രാണം, മനുഷ്യ പരിത്രാണത്തിൽനിന്നും അവിച്ഛിന്നമാണെന്ന് എഴുത്തുകാരെല്ലാം ചൂണ്ടിക്കാണിക്കുന്നുണ്ട്. Olivier Cle'ment-ന്റെ "L'homme dans le monde" എന്ന ലേഖനം ഇപ്പറഞ്ഞ പൊതുതത്വത്തെ ഉദാഹരിക്കുന്ന പൗരസ്ത്യ പാരമ്പര്യത്തിന്റെ ശബ്ദമായി കരുതാം:

> “മനുഷ്യന്റെ ആത്മിക ഭാഗധേയം, മനുഷ്യരാശി മുഴുവന്റെയും ഭാഗധേയത്തിൽനിന്നും അവിഭാജ്യമാണെങ്കിൽ, അത് ഭൗതിക പ്രപഞ്ചത്തിൽനിന്നും അവിഭാജ്യം തന്നെ. ബോധനീയ പ്രപഞ്ചം, നമ്മുടെ ശരീരത്തിന്റെ ഒരു ദീർഘരൂപമാണെന്നു പറയാം. അഥവാ, നമ്മുടെ ശരീരം എന്താണ്? നമ്മിലേക്ക് അധികമധികമായി പ്രവേശിച്ചുകൊണ്ടിരിക്കുന്നതും, നമ്മുടെ 'ജീവാത്മാവ്' പ്രപഞ്ച "ധൂളി"യിൽ മുദ്രിതമാക്കുന്നതുമായ രൂപമല്ലാതെ മറ്റെന്താണത്? ലോകത്തിന്റെ "മാംസ"വും മനുഷ്യമാംസവും തമ്മിൽ തുടർച്ചയില്ലായ്മയില്ല. മനുഷ്യരാശിയുടെ ശരീരത്തെ ഉൾക്കൊള്ളുന്നതിനാൽ, പ്രപഞ്ചം മനുഷ്യസ്വഭാവത്തിൽ പങ്കാളിയാകുന്നു. മനുഷ്യൻ പ്രപഞ്ചത്തിന്റെ വ്യക്തിത്വമാണ്; അതിന്റെ ബോധനീയവും, വ്യക്തിപരവുമായ വാഗ്രൂപമാണ്. മനുഷ്യനാണ് വസ്തുക്കൾക്ക് പൊരുൾ നൽകുന്നത്. അവൻ അതിനെ രൂപാന്തരപ്പെടുത്തണം. കൃപ പ്രാപിക്കുന്നതിനും, ദൈവത്തോടു ചേരുന്നതിനും പ്രപഞ്ചത്തിനുള്ള പ്രത്യാശ മനുഷ്യനാണ്. അതേസമയം പ്രപഞ്ചം പരാജയപ്പെടാനും നഷ്ടപ്പെടാനുള്ള സാദ്ധ്യതയ്ക്കും കാരണം മനുഷ്യൻ തന്നെയാണ്. വി. പൗലോസിന്റെ റോമാ ലേഖനം 8:22 നമുക്ക് അനുസ്മരിക്കാം. നമ്മുടെ 'വീഴ്ച' മൂലം ക്രമരാഹിത്യത്തിനും മരണത്തിനും വിധേയമായ സൃഷ്ടിയും മനുഷ്യൻ ദൈവകൃപയാൽ ദൈവപുത്രനായിത്തീരുന്നതിനെ കാത്തിരിക്കുന്നു. അതിനും സ്വാതന്ത്ര്യവും തേജസ്സും ലഭിക്കുന്നു എന്നു സാരാംശം. ലോകത്തിനും, അതിലെ ഏറ്റവും ചെറിയ പുൽക്കൊടിക്കുപോലുമുള്ള ഉത്തരവാദിത്തം, ലോകം, അതിനെ പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കും, ദൈവത്തോടു സംസാരിക്കാൻ ഉപയോഗിക്കുന്ന വാക്കും നാം തന്നെയാണ്. അത് പ്രാർത്ഥിക്കുമോ അതോ ദൈവദൂഷണം പറയുമോ എന്നതും നമ്മെ ആശ്രയിച്ചിരിക്കുന്നു. അത് മായയോ അഥവാ ജ്ഞാനമോ ആയിത്തീരുമോ, അതോ ദുർമന്ത്രവാദമോ, ആഘോഷമോ ആയി മാറുമോ എന്നതും നമ്മെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ശരീരങ്ങളുടെ 'നീട്ടൽ' ആയ പ്രപഞ്ചം, നമ്മിലൂടെ മാത്രമെ നിത്യതയെ പ്രാപിക്കുകയുള്ളൂ. ആധുനിക മനസ്സിന് ഇതെല്ലാം വിചിത്രമായി തോന്നിയേക്കാം! നമ്മുടെ തിന്മയും നമ്മുടെ പാപവും പ്രകൃതിയുടെ രക്തം ഊറ്റിക്കുടിക്കുന്ന നമ്മുടെ ദുസ്വാതന്ത്ര്യവും മറ്റുമാണ്, അന്തരീക്ഷ മലിനീകരണം നിമിത്തം പ്രകൃതിയിൽ ഉണ്ടാകുന്ന ദുരന്തങ്ങളുടെ കാരണം. നമ്മുടെ സ്നേഹവൈമുഖ്യം ജന്തുക്കളെ അദ്ഭുതപ്പെടുത്തുകയും നിരാശരാക്കുകയും ചെയ്യുന്നു. മനുഷ്യൻ വി. കുർബാനയുടെ ആഗോളപ്രാധാന്യം ഗ്രഹിക്കുമ്പോഴും, ഓരോ നിർമ്മല ജീവിയും ഓരോ ലളിത അനുഭൂതി നുകരുമ്പോഴും (ഒരു ഫലം ഭക്ഷിക്കുമ്പോഴും ഭൂമിയുടെ സുഗന്ധം അനുഭവിക്കുമ്പോഴും) ഓരോ വസ്തുവിലും, അതിന്റെ മജ്ജയിലും, സത്തയിലും നിത്യതയുടെ ആനന്ദം തുടിക്കുന്നു.”[13]

(തുടരും)

പ്രാർത്ഥന

മനുഷ്യരുടെ ജീവിതത്തിന് ആവശ്യമായതെല്ലാം സൃഷ്ടിച്ചവനും സകലവും പരിപാലിക്കുന്നവനുമായ കർത്താവേ, നിന്നിൽ തന്നെ ഞങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. കൊടുങ്കാറ്റിനെ ശാസിച്ചു ശിഷ്യന്മാർ കയറിയിരുന്ന വഞ്ചി ഗലീല കടലിൽ മുങ്ങിപ്പോകാതെ അവരെ രക്ഷിച്ച നാഥാ നിന്റെ ആംഗ്യത്തിൽ സകല പ്രകൃതിയും കീഴടങ്ങുന്നു. പകർച്ച വ്യാധികൾ നിമിത്തം നശിക്കുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും മേൽ മനസലിയണമേ.


സഭാചരിത്രം

നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പിന്റെ ചരിത്രം

ഡെറിൻ രാജു

പരിശുദ്ധ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ തനിക്ക് ഒരു പിൻഗാമിയെ തിരഞ്ഞെടുക്കണമെന്ന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ അറിയിക്കുകയും അതിൽ നടപടികൾ ആരംഭിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ മലങ്കരയിൽ നടന്നിട്ടുള്ള കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ തിരഞ്ഞെടുപ്പുകളുടെ ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുകയാണ് ഈ ലേഖനത്തിലൂടെ.

മലങ്കരസഭാ ഭരണഘടനയുടെ 97, 114 വകുപ്പുകളാണ് കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും തിരഞ്ഞെടുപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നത്. അതിൻപ്രകാരം കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കുവാനുള്ള ചുമതല മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ നിക്ഷിപ്തമാണ്. നിയുക്ത കാതോലിക്കാ എന്ന സ്ഥാനം ഭരണഘടനയിൽ ഇല്ലാത്തതിനാൽ തിരഞ്ഞെടുപ്പ് ശരിയല്ല എന്ന മറുവിഭാഗത്തിലെ ചിലരുടെ വാദങ്ങൾ വസ്തുതാപരമായി നിലനില്ക്കുന്നതല്ല. കാരണം, തിരഞ്ഞെടുപ്പ് നടക്കുന്നത് കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കാണ്. എന്നാൽ അദ്ദേഹം സ്ഥാനം പ്രാപിക്കുന്നത് നിലവിലെ സ്ഥാനം ഒഴിവുവരുമ്പോൾ മാത്രമാണ്. സ്ഥാനം പ്രാപിക്കുന്നതുവരെ അദ്ദേഹം 'ശ്രേഷ്ഠ നിയുക്ത കാതോലിക്കാ' എന്നറിയപ്പെടുന്നു എന്നു മാത്രം. മലങ്കരയിൽ ഇതഃപര്യന്തമുണ്ടായിട്ടുള്ള നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പിന്റെ ചരിത്രത്തിലേക്ക്:



മലങ്കരയിലെ ആദ്യ രണ്ട് കാതോലിക്കാമാരും പിൻഗാമിയെ തിരഞ്ഞെടുക്കാതെയാണ് കാലം ചെയ്തത്. എന്നാൽ മലങ്കരയിലെ മുൻകാല ചരിത്രം പരിശോധിച്ചാൽ മാർത്തോമ്മാ മെത്രാന്മാർ ഉൾപ്പെടെയുള്ളവർ പലരും തങ്ങളുടെ ജീവിതകാലത്ത് തന്നെ പിൻഗാമികളെ തിരഞ്ഞെടുത്തവരാണ്. സഭാതേജസ്സ് പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തന്റെ ജീവിതകാലത്ത് തന്നെ പിൻഗാമിയായി വട്ടശേരിൽ മാർ ദീവന്നാസിയോസിനെ തിരഞ്ഞെടുത്തത് മലങ്കര സഭയുടെ തന്നെ ഭാഗധേയത്തെ നിർണയിച്ച സംഭവമാണ്.

ആദ്യ കാതോലിക്കാ ബസേലിയോസ് പൗലോസ് പ്രഥമൻ 1913 മെയ് 3-ന് കാലം ചെയ്തു. എങ്കിലും രണ്ടാം കാതോലിക്കാ വാഴിക്കപ്പെടുന്നത് 1925-ൽ മാത്രമാണ്. അദ്ദേഹം ആകസ്മികമായി നെയ്യൂർ ആശുപത്രിയിൽ വച്ച് 1928 ഡിസംബർ 17-ന് കാലം ചെയ്തപ്പോഴും ഒരു പിൻഗാമിയെ സഭ തിരഞ്ഞെടുത്തിരുന്നില്ല. രണ്ടു മാസങ്ങൾക്കു ശേഷം മൂന്നാം കാതോലിക്കാ 1929 ഫെബ്രുവരി 15-നു കാതോലിക്കാസ്ഥാനം പ്രാപിച്ചു. മലങ്കര മെത്രാപ്പോലീത്താസ്ഥാനം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിൽ തന്നെ തുടർന്നു. അദ്ദേഹം 1934 ഫെബ്രുവരി 23-ന് കാലംചെയ്തതിനെ തുടർന്ന് ഡിസംബർ 26-ാം തീയതി കൂടിയ അസോസിയേഷൻ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. അങ്ങനെ കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനങ്ങൾ ഒരാളിൽ നിക്ഷിപ്തമായി.

തന്റെ സുദീർഘമായ ഭരണകാലത്തിന്റെ അവസാനമായപ്പോൾ ഒരു സഹായിയെ വേണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും അക്കാര്യം 1951 മെയ് 17-നു കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസോസ്യേഷന്റെ അജണ്ടയിൽ ഒന്നാമതായി ഉൾപ്പെടുത്തുകയും ചെയ്തു. കാതോലിക്കാബാവായ്ക്ക് ഇഷ്ടമുള്ളവരെ സഹായിയായി നിയമിക്കുവാൻ അസോസ്യേഷൻ തീരുമാനം എടുത്തു. 1962-ൽ പിൻഗാമിയെ തിരഞ്ഞെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പലരും ഗീവർഗീസ് ദ്വിതീയൻ ബാവായെ ബോധ്യപ്പെടുത്തി. എന്നാൽ അദ്ദേഹത്തിന് അപ്രകാരമൊരു പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിൽ പൂർണ്ണ സമ്മതം പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്നില്ല. എങ്കിലും സഭയുടെ പൊതുവായ താൽപര്യത്തെയും ഭാവിയെയും കരുതി അപ്രകാരമൊരു തിരഞ്ഞെടുപ്പിന് അദ്ദേഹം അനുമതി നൽകി. തുടർന്ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടി ഐകകണ്ഠ്യേന കണ്ടനാട് ഇടവകയുടെ ഔഗേൻ മാർ തീമോത്തിയോസിനെ പിൻഗാമിയായി ശുപാർശ ചെയ്തു. 1962 മെയ് 17-ന് നിരണത്തു കൂടിയ അസോസ്യേഷൻ അദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ചെയ്തു.

ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ 1964 ജനുവരി 3-ന് കാലംചെയ്തതിനെ തുടർന്ന് അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. തുടർന്ന് 1964 മെയ് 22-ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അദ്ദേഹത്തെ ബസേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. സഹോദര സഭയായ അന്ത്യോഖ്യൻ സിറിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് ഇഗ്നാത്യോസ് യാക്കോബ് തൃതീയനായിരുന്നു മുഖ്യകാർമ്മികൻ. തുടർന്ന് വളരെ സംഭവബഹുലവും സംഘർഷഭരിതവുമായ ഒരു കാലഘട്ടമായിരുന്നു ആദ്യ വർഷങ്ങൾക്കുശേഷം ഔഗേൻ പ്രഥമൻ ബാവായ്ക്ക് നേരിടേണ്ടി വന്നത്. പല തവണ അദ്ദേഹത്തിന്റെ ആരോഗ്യനില മോശമാവുകയും വീണ്ടും ആരോഗ്യം പ്രാപിക്കുകയും ചെയ്തു. പാത്രിയർക്കീസിന്റെ അനധികൃതമായ ഇടപെടലുകൾ കൂടി വർദ്ധിച്ച സാഹചര്യത്തിൽ പിൻഗാമിയുടെ തിരഞ്ഞെടുപ്പിലേക്ക് സഭ കടന്നു. നേരത്തെ അവലംബിച്ച അതേ രീതിയിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടുകയും സുന്നഹദോസിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ബാഹ്യകേരള മെത്രാസനത്തിന്റെ മാത്യൂസ് മാർ അത്താനാസിയോസിനെ സുന്നഹദോസ് ശുപാർശ ചെയ്യുകയും ചെയ്തു. 1970 ഡിസംബർ 31-ന് കൂടിയ അസോസ്യേഷൻ അദ്ദേഹത്തെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. ഔഗേൻ പ്രഥമൻ ബാവാ സ്ഥാനത്യാഗം ചെയ്തതിനെത്തുടർന്ന് 1975 സെപ്തംബർ 24-ന് മാത്യൂസ് മാർ അത്താനാസിയോസ് മലങ്കര


മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. തുടർന്ന് 1975 ഒക്ടോബർ 22-ന് അദ്ദേഹം കാതോലിക്കാസ്ഥാനം പ്രാപിച്ചു.

1975-ൽ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിലെ പിളർപ്പ് പൂർണ്ണമാക്കി ഒരു ബദൽ കാതോലിക്കായെ വാഴിച്ചതോടുകൂടി സഭാതർക്കവും മറ്റൊരുതലത്തിൽ എത്തിച്ചേർന്നിരുന്നു. അതുകൊണ്ട് തന്നെ അധികം വൈകാതെ തന്നെ ഒരു പിൻഗാമിയെ തിരഞ്ഞെടുക്കേണ്ട സാഹചര്യം വന്നു ചേർന്നു. 1980 മെയ് 1-ന് കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൊല്ലം ഇടവകയുടെ മാത്യൂസ് മാർ കൂറിലോസിനെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. മാത്യൂസ് പ്രഥമൻ ബാവാ 1991 ഏപ്രിൽ 27-ന് സ്ഥാനത്യാഗം ചെയ്തു; തുടർന്ന് മാത്യൂസ് മാർ കൂറീലോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തു പ്രവേശിച്ചു. ഏപ്രിൽ 29-ന് പരുമലയിൽ വച്ച് ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ എന്ന പേരിൽ കാതോലിക്കാ സ്ഥാനവും പ്രാപിച്ചു.

1990-ലെ ഹൈക്കോടതി വിധിയെത്തുടർന്ന് സഭാ അന്തരീക്ഷം വീണ്ടും ചൂടുപിടിച്ചു. പിൻഗാമിയെ ഉടനെതന്നെ തിരഞ്ഞെടുക്കുന്നത് ഉചിതമെന്ന ചിന്ത പല തലങ്ങളിലും ഉണ്ടായതിന്റെ വെളിച്ചത്തിൽ 1992 സെപ്റ്റംബർ 10-ന് അസോസിയേഷൻ കൂടി മലബാർ ഇടവകയുടെ തോമസ് മാർ തീമോത്തിയോസിനെ കാതോലിക്കാ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. ഏറ്റവും കൂടുതൽ കാലം നിയുക്ത കാതോലിക്കാ എന്ന സ്ഥാനത്തിരുന്നത് തോമസ് മാർ തീമോത്തിയോസ് ആണ്. 13 വർഷങ്ങൾക്കുശേഷമാണ് അദ്ദേഹം സ്ഥാനം പ്രാപിച്ചത്. ഇതിനിടയിൽ കോടതി നിർദ്ദേശപ്രകാരം 2002 മാർച്ച് 25-ന് ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ വീണ്ടും മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെടുകയും കോടതി ആ തിരഞ്ഞെടുപ്പ് അംഗീകരിക്കുകയും ചെയ്തു.

2005 ഒക്ടോബർ 29-ന് മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനത്യാഗം ചെയ്തു. മാർ തീമോത്തിയോസ് അന്നു തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തു. ഒക്ടോബർ 31-ന് ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാസ്ഥാനവും പ്രാപിച്ചു. 85-ാം വയസ്സിൽ കാതോലിക്കാസ്ഥാനത്തേക്കുയർത്തപ്പെട്ട ദിദിമോസ് പ്രഥമൻ ബാവായാണ് ഏറ്റവും പെട്ടെന്ന് തന്റെ പിൻഗാമിയെ തിരഞ്ഞെടുത്തതും. താൻ സ്ഥാനം പ്രാപിച്ച് ഒരു വർഷം പൂർത്തിയാക്കുന്നതിന് മുമ്പുതന്നെ 2006 ഒക്ടോബർ 12-ന് പരുമലയിൽ കൂടിയ അസോസിയേഷൻ കുന്നംകുളം മെത്രാസനത്തിന്റെ പൗലോസ് മാർ മിലിത്തിയോസിനെ പിൻഗാമിയായി തിരഞ്ഞെടുത്തു. ദിദിമോസ് പ്രഥമൻ ബാവാ 2010 ഒക്ടോബർ 31-ന് സ്ഥാനത്യാഗം ചെയ്തു. പൗലോസ് മാർ മിലിത്തിയോസ് അന്നു തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തു. അദ്ദേഹം 2010 നവംബർ 1-ന് ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്ന പേരിൽ കാതോലിക്കാ സ്ഥാനം പ്രാപിച്ചു.

വീണ്ടും ഒരിക്കൽകൂടി പ. സഭ പ്രാർത്ഥനാപൂർവ്വം വലിയ ഇടയനെ തിരഞ്ഞെടുക്കുവാൻ ഒരുങ്ങുന്നു. ആറാമത് നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പിലേക്ക് കടക്കുമ്പോൾ വ്യക്തമായ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും പ. സഭയ്ക്ക് വഴികാട്ടിയാവും. പ. കാതോലിക്കായുടെ പിൻഗാമിയുടെ തിരഞ്ഞെടുപ്പിന്റെ ഇതഃപര്യന്തമുള്ള ചരിത്രം പരിശോധിച്ചാൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഒരാളെ ഐകകണ്ഠ്യേനയോ അവരുടെ ഇടയിലെ തിരഞ്ഞെടുപ്പിലൂടെയോ കണ്ടെത്തുകയും ആ പേര് മാത്രം അസോസിയേഷന്റെ പരിഗണനയ്ക്കു വരികയും മറ്റ് നാമനിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ അസോസിയേഷൻ അത് അംഗീകരിക്കുകയുമായിരുന്നു. സഭയുടെ ഇടയനെ ദൈവം തിരഞ്ഞെടുക്കുവാനായി നമ്മുടെ പ്രാർത്ഥനകൾ സമർപ്പിക്കാം. മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥത അതിനായി നമ്മെ സഹായിക്കും. ❑



ഫാ. കെ. സി. ശമുവേൽ നിര്യാതനായി

മാവേലിക്കര: മലങ്കരസഭയിലെ സീനിയർ വൈദികനും അദ്ധ്യാപകനും ശൂരനാട് മൗണ്ട് സീയോൻ ആശ്രമാധിപനുമായ കെ. സി. ശമുവേൽ അച്ചൻ (86) അന്തരിച്ചു. സംസ്കാരം ശൂരനാട് മൗണ്ട് സീയോൻ ആശ്രമ ചാപ്പലിൽ നടത്തി.

മാവേലിക്കര സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ അച്ചൻ വഴുവാടിയിലെ പൗരോഹിത്യ പാരമ്പര്യമുള്ള കളയ്ക്കാട്ടു കുറ്റിയിൽ കോശി സാറിന്റെയും അക്കാമയുടെയും മകനായി 1935 മാർച്ച് 21-ന് ജനിച്ചു. പഠനശേഷം 1954-ൽ ശാസ്താംകോട്ട റെസിഡൻഷ്യൽ ഹൈസ്കൂളിൽ ശമുവേൽ സാറായി പ്രവേശിച്ചു 36 വർഷത്തെ ദീർഘമായ സേവനത്തിനു ശേഷം ഹെഡ്മാസ്റ്ററും, പുരോഹിതനുമായി 1990-ൽ വിരമിച്ചു.

വൈദിക സേവനത്തിൽ നിന്ന് യാതൊരു പ്രതിഫലം പറ്റാതെ അദ്ധ്യാപക വൃത്തിയിൽ നിന്നുള്ള വരുമാനംകൊണ്ട് ഒട്ടനവധി ദേവാലയങ്ങൾ സ്ഥാപിക്കുകയും നിശബ്ദമായ ജീവകാരുണ്യ പ്രവർത്തികൾ നടത്തുകയും, നാനാ ജാതി മതസ്ഥരായ അനേകായിരങ്ങളുടെ ശ്രേഷ്ഠ ഗുരുവായി ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടുകയും ചെയ്തു. പ. മാത്യൂസ് ദ്വിതിയൻ ബാവായുടെ അരുമ ശിഷ്യനും വിശ്വസ്തനുമായിരുന്നതിനാൽ മലങ്കരസഭയുടെ ആത്മികവും ഭൗതികവുമായ വളർച്ചക്കും പുരോഗമനത്തിനും വേണ്ടി അഹോരാത്രം പ്രവർത്തിക്കുവാൻ ധാരാളം മേഖലകൾ തുറക്കപ്പെട്ടു.

ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമവും ഡോ. സി. റ്റി. ഈപ്പൻ ട്രസ്റ്റ് സ്വത്തുക്കളും ഒരു ഘട്ടത്തിൽ നഷ്ടമാകാവുന്ന സന്ദർഭത്തിൽ ഒറ്റയാൻ പോരാട്ടം നടത്തി ഇന്നൊരു വടവൃക്ഷമായി വളർത്തിയതിൽ അച്ചന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനം ഒരു കാലത്തും ആർക്കും വിസ്മരിക്കുവാൻ കഴിയാത്തതാണ്.

ശാസ്താംകോട്ട M. M. C. P. M. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ പബ്ലിക് സ്കൂൾ, ശാസ്താംകോട്ട മാർ തേവോദോസ്യോസ് മിഷൻ ആശുപത്രി എന്നീ സ്ഥാപനങ്ങളുടെ ദീർഘകാല അഡ്മിനിസ്ട്രേറ്റർ, ഡോ. സി. റ്റി. ഈപ്പൻ ട്രസ്റ്റ് അംഗം, മൗണ്ട് ഹോറേബ് ആശ്രമാംഗം, മാർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിദിയൻ എൻജിനീയറിങ് കോളേജ് ഗവേണിംഗ് ബോർഡ് അംഗം, ശൂരനാട് ബസലേൽ കോൺവെന്റ് ചാപ്ലയിൻ എന്നീ നിലകളിൽ വളരെ നിസ്വാർത്ഥമായി പ്രവർത്തിച്ചു.

മുതുപിലക്കാട് സെന്റ് മേരീസ്, സെന്റ് ജോർജ്, കുന്നത്തൂർ സെന്റ് ജോർജ്, ഇളംമ്പള്ളിക്കൽ സെന്റ് ജോർജ്, ശൂരനാട് സെന്റ് തോമസ് വലിയപള്ളി, വടക്ക് ശാലേം സെന്റ് മേരീസ്, കൊയ്പ്പള്ളികാരാഴ്മ സെന്റ് മേരീസ്, ശൂരനാട് പടിഞ്ഞാറു സെന്റ് മേരീസ്, സെന്റ് ഗ്രിഗോറിയോസ് ചാപ്പൽ, പത്തിയൂർ സെന്റ് ജോർജ്, തഴവ സെന്റ് തോമസ്, മണപള്ളി സെന്റ് മേരീസ്, കരിപ്പുഴ സെന്റ് ജോർജ്, വെളുത്തുങ്ങൽ സെന്റ് ഗ്രിഗോറിയോസ്, കിഴക്കേ കല്ലട സെന്റ് ജോർജ്, മൈനാഗപ്പള്ളി സെന്റ് മേരീസ് തുടങ്ങിയ ദേവാലയങ്ങളിൽ യാതൊരു പ്രതിഫലവും പറ്റാതെ വികാരിയായി സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചു.

കളങ്കരഹിതമായ സന്യാസ ജീവിതത്തിനും, അച്ചടക്കം, കൃത്യനിഷ്ഠ, സമൂഹനന്മ, ലളിതജീവിതം, ഉറച്ചനിലപാടുകൾ, നേതൃപാടവം തുടങ്ങിയ ജീവിത മൂല്യങ്ങളാൽ സ്വജീവിതം വരുംതലമുറയ്ക്ക് സന്ദേശവും വെളിച്ചവുമായി പകർന്നു നൽകിയ ഗുരു-സന്യാസ-പുരോഹിതൻ ആയിരുന്നു അച്ചൻ. സ്വപരിശ്രമത്താൽ സമ്പാദിച്ച കോടികൾ വിലമതിക്കുന്ന ശൂരനാട് മൗണ്ട് സീയോൻ ആശ്രമവും അനുബന്ധ സ്ഥാപനങ്ങളും പരിശുദ്ധ സഭയ്ക്ക് ദാനമായി നൽകിയ ഉജ്ജ്വല സഭാസ്നേഹി. അർഹമായ പല പദവികളിൽ നിന്നും സ്ഥാനങ്ങളിൽ നിന്നും സ്വയമേ പിന്മാറി തന്റെ സഹോദരപുത്രനോടൊപ്പം വാർദ്ധക്യകാലം പ്രാർത്ഥനയോടെ കഴിച്ചുകൂട്ടി. അമേരിക്കയിലും ഭാരതത്തിലുമായി വിലപ്പെട്ട ശുശ്രൂഷ നിർവഹിച്ചു ശൂരനാട് മൗണ്ട് സീയോൻ ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ഡോ. കെ. സി. ഗീവർഗീസ് റമ്പാച്ചന്റെ കല്ലറയിൽ ആണ് തന്റെ അന്ത്യവിശ്രമം.

ലേഖനം

സമയരഥത്തിന്റെ സൗന്ദര്യം

ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലയാളത്തിൽ ഏറ്റവും പ്രസിദ്ധമായ 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗ യാത്ര ചെയ്യുന്നു' എന്ന ഗാനം എഴുതിയ നാഗൽ സായിപ്പിന്റെ ചരമ ശതാബ്ദിയാണ് 2021. ക്രൈസ്തവ സഭകൾ എല്ലാം ഹൃദയത്തോട് ചേർത്തുപിടിച്ച ഈ മനോഹര ഗാനം മരണാഭിമുഖ്യ പ്രതിസന്ധികളെ അപനിർമ്മിച്ച് (Deconstruction) വിശ്വാസ സമൂഹത്തിന് അതിജീവനവും പ്രത്യാശയും പകരുന്നു. പ്രിയപ്പെട്ടവരുടെ വേർപാടിൽ സങ്കടവും വിലാപവും ശക്തിപ്പെടുമ്പോൾ ഈ ഗാനത്തിന്റെ വരികൾ പകരുന്നത് ദൈവ മുഖം കണ്ടെത്തുന്ന നിത്യജീവിതാനുഭവമാണ്.

മലയാള ക്രൈസ്തവ ഭക്തി ഗാന ചരിത്രത്തിൽ സഭാതീതമായി ഭക്ത മനസ്സിൽ ഇടം നേടിയ കീർത്തനമാണ് ഫോൾ ബ്രെഷ്റ്റ് നാഗൽ (1867–1921) എന്ന നാഗൽ സായിപ്പിന്റെ 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു' എന്ന ഗാനം. ഇത് 25 ലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

പാറപ്പുറത്ത് കെ. മത്തായിയുടെ (1924 1981) നോവൽ അടിസ്ഥാനമാക്കിയ 'അരനാഴികനേരം' എന്ന സിനിമയിലൂടെയാണ് 1970–ൽ ഈ ഗാനം പ്രശസ്തമായത്.

കെ. എസ്. സേതുമാധവൻ സംവിധാനം ചെയ്ത 'അരനാഴികനേരം' സിനിമയിൽ കുഞ്ഞേനാച്ചൻ എന്ന കഥാപാത്രത്തിന്റെ അന്ത്യ നിമിഷങ്ങൾക്ക് ഈ ഗാനം പശ്ചാത്തലമായി. ക്രൂശിത രൂപത്തിന് മുൻപിൽ മുട്ടുകുത്തി പ്രാർഥിക്കുന്ന ദീനാമ്മയും, കുട്ടിയമ്മയും (രാഗിണി, അംബിക) സ്ക്രീനിൽ തെളിയുമ്പോൾ പശ്ചാത്തലത്തിൽ മുഴങ്ങുന്നത് ഈ ഗാനമാണ്. നാഗലിന്റെ വരികൾ അല്പം പരിഷ്ക്കരിച്ചാണ് വയലാർ സിനിമയിൽ ചേർത്തിരിക്കുന്നത്. ഈ ഗാനത്തിന് നാഗൽ, വയലാർ ഭാഷ്യങ്ങൾ ഉണ്ടെങ്കിലും ഇവ പരസ്പരം സമന്വയിപ്പിച്ചുള്ള ഗാനരീതിയും ഭക്തരിൽ പ്രചരിച്ചിട്ടുണ്ട്.

ജർമ്മനിയിലെ ഹസ്സൻ നഗരത്തിൽ 1867 ൽ ജനിച്ച് പ്രേഷിത ദൗത്യവുമായി 1893 ൽ ഇരുപത്തിരണ്ടാം വയസ്സിൽ കണ്ണൂരെത്തിയ നാഗൽ സായിപ്പ് അനവധി മിഷൻ യാത്രകൾ കേരളത്തിന്റെ വടക്കും തെക്കുമായി നടത്തി. കണ്ണൂർ, കുന്നംകുളം, പരവൂർ, തൃശൂർ തുടങ്ങി മദ്ധ്യ തിരുവിതാകൂറിന്റെ തെക്കു വരെ നടത്തിയ യാത്രകളിൽ മലയാളത്തിൽ പ്രസംഗിക്കുകയും ഗാനങ്ങൾ എഴുതി ആലപിച്ച് പഠിപ്പിക്കുകയും ചെയ്തു. ഭാഷയിൽ അതീവ വ്യുൽപത്തി നേടിയ നാഗൽ സായിപ്പ് പുസ്തകങ്ങളും എഴുതി പ്രസിദ്ധീകരിച്ചു.

പല സ്ഥലങ്ങളിലും സഞ്ചരിച്ചത് കാളവണ്ടിയിലായിരുന്നു. പ്രസംഗത്തിലും ഗീതങ്ങളിലും യാത്രയുടെ അനവധി പ്രതീകങ്ങൾ ശക്തിപ്പെട്ടിട്ടുണ്ട്. ഒരോ സ്ഥലത്തുമുള്ള ദൗത്യം പൂർത്തിയാക്കി പുതിയ വയൽപ്രദേശങ്ങൾ തേടിയുള്ള സമയരഥങ്ങളിലെ സഞ്ചാരിയായിരുന്നു നാഗൽ സായിപ്പ്.

ജർമ്മനിൽ നിന്നും കേരളത്തിൽ എത്തിയ മിഷണറിയായ നാഗൽ സായിപ്പ് മലയാളം പഠിച്ച് എഴുതിയ നിരവധി ക്രൈസ്തവ ഗാനങ്ങൾ അതീവ ഹൃദ്യവും സുന്ദരവുമാണ്. മലയാള ഭാഷയുടെ ഹൃദ്യതയും അലങ്കാരങ്ങളുടെ സംവേദനത്വവും വാക്ഘടനയുടെ സൗന്ദര്യവും വേദവിചാരങ്ങളുടെ അടിത്തറയും ക്രിസ്തീയ പ്രത്യാശയും യുഗാന്ത്യ ദർശനവും നാഗൽ ഭക്തി ഗീതങ്ങൾക്ക് ജനകീയത ലഭ്യമാക്കി.

ക്രൈസ്തവ മലയാളി കുടുംബങ്ങൾ സഭാ വ്യത്യാസമില്ലാതെ പള്ളിയിലും ഭവനത്തിലും പാടി സ്തുതിക്കുന്ന അനശ്വര ഗാനങ്ങളാണ് നാഗൽ സായിപ്പിന്റേത്. ഈ ഗാനങ്ങളുടെ രചയിതാവിനെ ബോധപൂർവ്വം സഭകൾ തമസ്ക്കരിച്ചത് വിസ്മരിക്കാൻ കഴിയില്ല. മിഷൻ ദൗത്യം ജീവിതദൗത്യമാക്കിയ നാഗൽ സായിപ്പ് 21 വർഷത്തോളം കേരളത്തിൽ പ്രവർത്തിച്ചു. കേരളത്തിൽ നിന്നും ജർമ്മനിയിലേക്ക് 1914–ൽ തിരിച്ചു പോയ നാഗൽ സായിപ്പ് 1921 മെയ് 12–ന് അന്തരിച്ചു.

നാഗൽ സായിപ്പിന്റെ അതിപ്രശസ്തമായ 'സമയമാം രഥത്തിൽ...' വിലാപ ഗാന വിഭാഗത്തിൽ ചിലർ ഉൾപ്പെടുത്തിയെങ്കിലും യഥാർത്ഥത്തിൽ ഇത് പ്രത്യാശാ ഗാനമാണ്. ഒരു ക്രിസ്തു ഭക്തന്റെ ജീവിതവും യാത്രയും ലക്ഷ്യവും സംക്ഷിപ്തമായി അവതരപ്പിക്കുന്ന ഈ ഗാനം ബൈബിൾ ദർശനവും യുഗാന്ത്യ കാഴ്ചപ്പാടും സമഗ്രവും ലളിതവുമായ ഭാഷയിൽ അവതരിപ്പിക്കുന്നു.



മലയാളത്തിൽ ഏറ്റവും പ്രസിദ്ധമായ 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു' എന്ന ഗാനം എഴുതിയ നാഗൽ സായിപ്പിന്റെ ചരമ ശതാബ്ദിയാണ് 2021. വിശുദ്ധരായവർക്ക് വെളിച്ചത്തിന്റെ അവകാശത്തിലേക്കുള്ള യാത്രയും അനുഭവവുമാണ് നാഗൽ സായിപ്പിന്റെ സമയരഥ സൗന്ദര്യം.

സമയമാകുന്ന രഥത്തിൽ, ദൈവകരങ്ങളിൽ ഏകനായി, നിത്യവാസസ്ഥലമായ, പറുദീസയിലേക്കു ദൈവ മുഖം കാണുന്നതിനുള്ള യാത്രയും ദൈവദൂതന്മാർ പുതുശക്തി പകരുന്നതുമാണ് പ്രമേയം. ഒരു ഭക്തന്റെ ക്രിസ്തീയ പ്രത്യാശയും സാക്ഷ്യവും വെളിപ്പെടുത്തുന്ന 20 വരികളിലാണ് ഉള്ളടക്കം ക്രമീകരിച്ചിക്കുന്നത്.

സമയരഥം, സ്വർഗ്ഗ യാത്ര, അകെയല്പനേരം, യാത്രയുടെ അന്ത്യം, രഥത്തിന്റെ ചക്രം, ദൈവ മുഖം , നിത്യവാസ സ്ഥലം, ജീവവൃക്ഷം, ദൈവ പറുദീസാ, ദൈവദൂതർ, വെളിച്ചത്തിന്റെ അവകാശം തുടങ്ങിയ പദാവലികളിൽ ധ്വനിക്കുന്ന ബൈബിൾ കാഴ്ചപ്പാടും യുഗാന്ത്യ ദർശനവും അതീവ സുന്ദരമാണ്. വേദശാസ്ത്ര വ്യാഖ്യാനങ്ങൾക്ക് അനവധി തായ് വഴികൾ പകരുവാൻ കരുത്തുള്ള പദസംയോജനമാണ് നാഗൽ സായിപ്പ് നിർവ്വഹിച്ചിരിക്കുന്നത്.

എൻ സ്വദേശം, യാത്ര തീരുവാൻ, വേഗം നിന്നെ കാണും, യാത്രയുടെ അന്ത്യം, ഭൂപ്രദ്ദേശം, എന്റെ പാർപ്പിടം, യാത്ര തുടങ്ങിയ വാക്ശൈലികളും മിഷണറി യാത്രയിൽ സ്വാംശീകരിച്ചവയാണ്. മിഷണറി പ്രവർത്തനത്തിന് കാളവണ്ടിയിൽ നിത്യം സഞ്ചരിച്ചിരുന്ന നാഗൽ സായിപ്പ് ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വരികളാണ്: 'രാത്രിയിൽ ഞാൻ ദൈവത്തിന്റെ കൈകളിൽ ഉറങ്ങുന്നു; അപ്പോഴുമെൻ രഥത്തിന്റെ ചക്രം മുന്നോട്ടോടുന്നു' എന്നത്. ദൈവത്തിന്റെ കൈകൾ, മുന്നോട്ട് സഞ്ചരിക്കുന്ന രഥത്തിന്റെ ചക്രം എന്നിവയിലെ പ്രതിമാനങ്ങൾ വരികളെ അനശ്വരമാക്കുന്നു.

ദൈവത്തിന് മനുഷ്യന്റെ രൂപവും ഭാവവും വികാരങ്ങളും ഉണ്ടെന്നുള്ള (Anthropomorphic) സമീപനത്തിലാണ് വിശ്വാസ ഹൃദയങ്ങളെ ഗീതത്തിൽ ഭക്തിയുടെ ഉൾത്തളങ്ങളിലേക്ക് സംക്രമിപ്പിക്കുന്നത്. ദൈവത്തിന്റെ മനുഷ്യ ഭാവം ദ്യോതിപ്പിക്കുന്ന മാനവീകരണ ഭാവങ്ങൾ ഇതിൽ ആദിയോടന്ത്യം നിറഞ്ഞു നിൽക്കുന്നു.

വേഗം നിന്നെ കാണും ഞാൻ എന്നും ദൈവത്തിന്റെ കൈകളിൽ ഉറങ്ങുന്നു എന്നും ദൈവ മുഖം കാണും എന്നും ഇമ്പകരമായി പാടുമ്പോൾ ലഭ്യമാകുന്ന അവാച്യമായ അനുഭൂതി അദൃശ്യനായ ദൈവത്തിന്റെ മാനവീകരണ സാന്നിധ്യസ്പർശമണ്. മനുഷ്യഭാവത്തിൽ ദൈവസാന്നിധ്യത്തെ അടയാളപ്പെടുത്തുന്ന വരികൾ ഈ ഗാനത്തിന് അതീവ സൗന്ദര്യം പകർന്നിരിക്കുന്നു.

വിശുദ്ധരായവർക്ക് വെളിച്ചത്തിന്റെ അവകാശത്തിലേക്കുള്ള യാത്രയും അനുഭവവുമാണ് നാഗൽ സായിപ്പിന്റെ സമയരഥ സൗന്ദര്യം. ❑

വചനതീർത്ഥം

ദിവ്യപ്രശംസയ്ക്ക് അർഹരാകുക

പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ

വി. ലൂക്കോസ് 7: 27-35



ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

ആരാധന വർഷത്തിലെ അഞ്ചാമത്തേതാണ് പെന്തിക്കോസ്തിക്കാലം. രക്ഷാകരചരിത്രത്തെ ഓരോ കാലത്തും ഓരോ സ്ഥലത്തും ജീവിക്കുന്ന ദൈവ ജനത്തിന് അനുഭവവേദ്യമാകത്തക്കവിധം അവതരിപ്പിക്കുന്ന ക്രമീകരണത്തി നാണ് ആരാധനവർഷം അഥവാ സഭാവർഷം എന്നു പറയുന്നത്. യെശയ്യാവ് സൂചിപ്പിച്ച (61:2) കർത്താവിന്റെ കൃപാവത്സരമാണ് സഭയുടെ ആരാധനാക്രമ വർഷമെന്നു കരുതുന്നു. ഒരു വർഷത്തെ വിവിധ കാലങ്ങളായി തിരിച്ച് ഓരോ ഘട്ടത്തിലും രക്ഷാകരചരിത്രത്തിലെ വിവിധ സംഭവങ്ങളെ അനുസ്മരിച്ച് ധ്യാനിക്കുവാനും ജീവിതത്തിൽ പകർത്തുവാനും ഉതകുന്ന തരത്തിലാണ് ക്രമീ കരിച്ചിട്ടുള്ളത്.

ഏഴ് ആഴ്ചകൾ വീതമുള്ള ഏഴുകാലങ്ങളായി സഭാവർഷത്തെ വിഭജിച്ചി രിക്കുന്നു. അതിൽ അഞ്ചാമത്തെ കാലമാണ് പെന്തിക്കോസ്തിക്കാലം. പരി ശുദ്ധാത്മാവിന്റെ ആഗമനം, സഭയുടെ ഉത്ഭവം, ശ്ലീഹന്മാരുടെ സുവിശേഷ പ്രവർത്തനം എന്നിവ ഇക്കാലത്ത് അനുസ്മരിക്കപ്പെടുന്നു. പെന്തിക്കോസ്തി ക്കുശേഷം ഒന്നാം ഞായറാഴ്ചയാണിത്. ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗം വി. ലൂക്കോസ് 7: 27-35.

യോഹന്നാൻ സ്നാപകൻ - മുന്നോടി

യേശുക്രിസ്തു തന്റെ മുന്നോടിയായി വന്ന യോഹന്നാനെക്കുറിച്ച് തന്റെ ശിഷ്യന്മാരോട് വിശദീകരിക്കുന്നതാണ് ഇന്നത്തെ വി. വേദഭാഗത്തിന്റെ ആരം ഭത്തിൽ നാം കാണുന്നത്. പഴയനിയമ ഗ്രന്ഥങ്ങളിൽ, തനിക്കു മുമ്പായി അയ യ്ക്കുന്ന ദൂതനെക്കുറിച്ചും തനിക്കു വഴിയൊരുക്കുന്ന പ്രവാചകരിൽ മികച്ചവ നെക്കുറിച്ചും വിശദീകരിക്കുന്ന ഭാഗം പറഞ്ഞുകൊണ്ടാണ് യേശു തുടങ്ങുന്ന ത്. വി. ലൂക്കോസ് 7:27 യേശു പറയുന്നു 'ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു. അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും എന്ന് എഴുതിയിരിക്കുന്നത് അവനെക്കുറിച്ചാകുന്നു' മലാഖി 3:1 'എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ അന്വേ ഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്ന് തന്റെ മന്ദിരത്തിലേക്കു വരും.'

യോഹന്നാൻ മശിഹാ ആയിരിക്കുമോ എന്നു പലരും സംശയിച്ചു. എന്നാൽ താൻ മശിഹായുടെ മുന്നോടിയാണെന്നും മരുഭൂമിയിലെ ശബ്ദമാണെന്നും തന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറ് അഴിക്കുവാൻ പോലും യോഗ്യ നല്ല എന്നും യോഹന്നാൻ സാക്ഷിച്ചു. യേശു യോഹന്നാനെപ്പറ്റി സത്യത്തിന്റെ സാക്ഷിയാണെന്നും മശിഹായുടെ മുൻ ദൂതനായ ഏലിയാവാണെന്നും പറ ഞ്ഞു. വി. മത്തായി 11:14 'നിങ്ങൾക്ക് പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാ നുള്ള ഏലിയാവു അവൻ തന്നെ.'

ദാവീദിന്റെ സിംഹാസനത്തിലിരിക്കുവാൻ വരുന്ന ഒരുവനെക്കുറിച്ചും പ്രവാ ചകന്മാർ പറഞ്ഞിട്ടുണ്ട്. (1 രാജാ. 2:4, 8:25, യിരെ. 33:17). ഒരു ദേശീയ ഉദ്ധാര കനെയും വിമോചകനെയുമാണ് യഹൂദന്മാർ ആകാംക്ഷയോടെ കാത്തിരുന്ന ത്. അവരുടെ ചിന്തയിൽ മശിഹായുടെ വരവോടെ മരിച്ചവരെല്ലാം ഉയിർത്തെ ഴുന്നേൽക്കുന്നു. ഒരു ന്യായവിധി ഉണ്ടാകുന്നു. യഹൂദന്മാരുടെ ശത്രുക്കളെല്ലാം ഒന്നടങ്കം തകർക്കപ്പെടുന്നു. പഴയ ചെങ്കോലും കിരീടവുമുള്ള പ്രതാപകാലം തിരിച്ചുവരുന്നു. ഒരു സൈന്യരൂപീകരണത്തിനും സൈന്യപരിശീലനത്തിനു മുള്ള ആഹ്വാനം പ്രതീക്ഷിച്ചിരുന്ന അവർക്കു കേൾക്കുവാൻ കഴിഞ്ഞത് സ്വർഗ്ഗ രാജ്യത്തെക്കുറിച്ചും മാനസാന്തരത്തെക്കുറിച്ചുമാണ്-ഒരു പവിത്ര സാമ്രാജ്യ സ്ഥാപനത്തിന്റെ കാഹളനാദമായിരുന്നു യോഹന്നാൻ ആ മരുഭൂമിയിൽ മുഴ ക്കിയത്.

ദിവ്യപ്രശംസ

പ്രശംസ പലതരത്തിലുണ്ട്. മനുഷ്യർ തമ്മിൽ പ്രശംസിക്കും. നേരിട്ടും എഴു ത്തിലൂടെയും പ്രസംഗങ്ങളിലൂടെയും ഒക്കെ പ്രശംസ കേൾക്കാം. പറയുന്ന തിലെ യാഥാർത്ഥ്യത്തിനേക്കാൾ കേൾക്കുന്നവരുടെ രോമാഞ്ചത്തിലാണ് കൂടു തൽ ശ്രദ്ധ. തങ്ങൾക്ക് നേടിയെടുക്കേണ്ട ആനുകൂല്യങ്ങളുടെ അളവാണ് പുകഴ്ത്തുന്നവരുടെ ഊർജ്ജം. പ്രശംസാവചനങ്ങൾ ലഹരിയാണ്. ഒരിക്കൽ അടിപ്പെട്ടു കഴിഞ്ഞാൽ മോചനം ബുദ്ധിമുട്ടാകും.

എന്നാൽ ദൈവീകമായ പ്രശംസ നേടാൻ കഴിയുക എന്നത് വ്യക്തികളുടെ പുണ്യമാണ്. യേശുക്രിസ്തു തന്നെ നേരിൽ പ്രശംസിക്കുന്നതും മറ്റുള്ളവരെ പ്രശംസിക്കുന്നതും ദിവ്യപ്രശംസയാണ്. വി. വേദപുസ്തകത്തിൽ ആയതി നുള്ള ഉദാഹരണങ്ങൾ ധാരാളമാണ്. ഇന്നത്തെ വി. വേദഭാഗത്തിൽ തന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ച് പ്രശംസിക്കുന്നതും സാക്ഷിക്കുന്നതും ദിവ്യപ്രശംസയിൽ ഉൾപ്പെടുന്നതാണ്.

'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരു മില്ല. ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു' (വാ. 28). യേശുക്രിസ്തു നേരിട്ട് പ്രശംസിച്ച വ്യക്തികൾ പലരുണ്ട്. സീദോനിലെ ഒരു കനാന്യസ്ത്രീ (വി. മത്തായി 15:28), ബഥാന്യയിലെ സ്ത്രീ (വി. മർക്കോ. 14:6), കഫർന്നഹൂമിലെ ശതാധിപൻ (വി. ലൂക്കോ. 7:9), ദരിദ്രയായ വിധവ (വി. ലൂക്കോ. 21:3), നഥാനിയേൽ (വി. യോഹ. 1:47).

യേശുക്രിസ്തുവിൽ നിന്നും സാക്ഷ്യവും പ്രശംസയും നേടാനുള്ള ശ്രമ മാണു നാം നടത്തേണ്ടത്. ഹൃദയവിശുദ്ധിയും നൈർമ്മല്യവും നന്മപ്രവൃത്തി കളും ഉണ്ടാകുന്നെങ്കിൽ ദിവ്യപ്രശംസ നേടാൻ സാധിക്കും. മനുഷ്യരുടെ പ്രശംസ നേടാൻ ശ്രമിക്കുന്നത് അപകടകരമാണ്. പ്രശംസയ്ക്കുവേണ്ടി മാത്രം കാര്യങ്ങൾ ചെയ്തു തുടങ്ങുമ്പോൾ പ്രസക്തമായ പലതും അപ്രത്യക്ഷമാ കും. പുറമെ നിന്നു ലഭിക്കുന്ന പ്രശംസകൾക്കും അഭിനന്ദനങ്ങൾക്കും ആരേയും തൃപ്തിപ്പെടുത്താനാകില്ല. എല്ലാ സ്തുതിപാഠകരും എപ്പോഴും കൂടെ യുണ്ടാകണമെന്നില്ല.

ദൈവത്തിനു പ്രീതികരമായതും തൃപ്തികരവുമായ പ്രവർത്തനങ്ങൾ നാം ചെയ്യുമ്പോൾ, ദൈവീകമായ പ്രശംസയും അഭിനന്ദനവും നമ്മെ തേടിയെത്തും. അതിനുവേണ്ടി യത്നിക്കുകയും ശ്രമിക്കുകയും ആണ് വേണ്ടത്.

യേശു വിമർശകരെ ശകാരിക്കുന്നു

യോഹന്നാൻ സ്നാപകന് ഭൂതം ഉണ്ടെന്നും മനുഷ്യപുത്രൻ ചുങ്കക്കാരു ടെയും പാപികളുടെയും സ്നേഹിതനാണെന്നും വിമർശിച്ചവരെ യേശു അതി ശക്തമായി സാസിക്കുന്നത് ഇവിടെ കാണാം (വാ. 31-34). ഇത് ദുഷിച്ച തലമു റയാണെന്നും ചന്തസ്ഥലത്ത് ഇരുന്ന് അന്യോന്യം വിളിച്ചു പറയുന്ന കുട്ടിക ളോട് അവർ തുല്യരാണെന്നും യേശുക്രിസ്തു വിമർശിക്കുന്നുണ്ട്. ദുഷിച്ച തലമുറയെന്ന് വിമർശിക്കുന്നത് വി. വേദപുസ്തകത്തിൽ പല ഭാഗങ്ങളിലും കാണാം. (വി. ലൂക്കോസ് 9:41, വി. മത്തായി 12:39, 45). ദുഷ്ടന്മാരുടെ ഭാവിയെ സംബന്ധിച്ച് ക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിക്കണം.

1. ദൈവത്തിൽ നിന്നു തള്ളപ്പെടുന്നു (വി. മത്തായി 7:23, 8:12, 22:13).

2. നിത്യാഗ്നി - ദുഷ്ടന്മാരുടെ അന്ത്യം തീച്ചൂളയിൽ ആയിരിക്കും (വി. മത്തായി 5:22, 13:41, വി. മർക്കോ. 9:47)

3. നരകം - ദുഷ്ടന്മാർക്കു നരകം ലഭിക്കും (വി. മത്തായി 5:29, 10:28)

യോഹന്നാനെക്കാൾ വലിയവനില്ല

‘സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല’ (വാ. 28). യേശു തന്റെ മുന്നോടിയായ യോഹന്നാനെക്കുറിച്ച് വിവിരിക്കുന്നതാണിത്. യോഹന്നാന്റെ സ്വഭാവസവിശേഷതകൾ

1. സ്വാർത്ഥത്യാഗം (വി. മത്താ. 3:4)
2. ധീരത (വി. മത്താ. 3:7, 14:4)
3. അനുസരണം (വി. മത്താ. 3:15)
4. ശക്തിമത്തായ പ്രസംഗം (വി. മർക്കോ. 1:5)
5. താഴ്മ (വി. മത്താ. 1:7, വി. യോഹ. 1:19-23)
6. വിശുദ്ധി (വി. മർക്കോ. 6:20)
7. തീഷ്ണത ജ്വലിക്കുന്നു (വി. യോഹ. 5:35)
8. ക്രിസ്തുവിൽ ബഹുമാനിതനായി (വി. മത്താ. 11:11, വി. ലൂക്കോ. 7:24-27)
9. അത്ഭുതമൊന്നും പ്രവർത്തിച്ചില്ല (വി. യോഹ. 10:41)
10. രക്തസാക്ഷിത്വം വരിക്കേണ്ടിവന്നു (വി. മത്താ. 14:10).



ചെല്ലാനത്തിന് പിറവത്തിന്റെ കൈത്താങ്ങ്

പിറവം: ടൗട്ടേ ചുഴലിക്കാറ്റ് മൂലം കനത്ത പ്രതിസന്ധി നേരിടുന്ന ചെല്ലാനം നിവാസികൾക്ക് ഭക്ഷ്യധാന്യങ്ങളും പച്ചക്കറി കിറ്റുകളും ആയി പിറവത്തെ HOLY KINGS യുവജനപ്രസ്ഥാനം. അവർക്ക് ആവശ്യമായ സാധനങ്ങൾ വഹിച്ച്ക്കൊണ്ടുള്ള സ്നേഹവണ്ടിയുടെ ഫ്ലാഗ് ഓഫ് നഗരസഭാ ചെയർപെഴ്സൺ ഏലിയാമ്മ ഫിലിപ്പ് നിർവഹിച്ചു കൗൺസിലർമാരായ ജിൻസി രാജു, അഡ്വ വിമൽ ചന്ദ്രൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. പിറവം വലിയ പള്ളി വികാരി ഫാ സ്കറിയ വട്ടയ്ക്കാട്ടിൽ യുവജനപ്രസ്ഥാനം പ്രസിഡന്റ് ഫാ ഏലിയാസ് ചെറുകാട് സഹവികാരിമാരായ ഫാ മാത്യൂസ് കാഞ്ഞിരംപാറ , ഫാ മാത്യൂസ്, വാതക്കാട്ടിൽ, ട്രസ്റ്റി ബാബു മങ്കിടി, സെക്രട്ടറി സ്റ്റാൻലി പി. വർക്കി, കമ്മിറ്റി അംഗങ്ങൾ ആയ ലക്നോ ജോയി, സണ്ണി തേക്കുംമൂട്ടിൽ, പി. തോമസ്, പ്രിൻസ് പി. വി. എന്നിവർ സന്നിഹിതരായിരുന്നു.



പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ സെന്റ് തോമസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പുലിയൂർ കാൽവറി ഭവൻ, പാണ്ടനാട് ശാന്തിതീരം, ഓതറ ഗ്ലോറിയ ഭവൻ, മംഗലം മരുപച്ച, എന്നിവിടങ്ങളിൽ അവശ്യ സാധനങ്ങൾ എത്തിച്ചു നൽകി.



ചെങ്ങറ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ തട്ടാശേരിൽ എബ്രഹാം ചെറിയാന്റെയും കുഞ്ഞൂഞ്ഞമ്മ യുടെയും മകൻ തോമസ് എബ്രഹാം കോട്ടയം എം.ജി. യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നിന്നും കെമിസ്ട്രിയിൽ പി.എച്ച്.ഡി. കരസ്ഥമാക്കി.



സിസ്റ്റർ എലിസബത്ത് നിര്യാതയായി


റാന്നി പെരുന്നാട് ബഥനി കോൺവെന്റ് അംഗം സിസ്റ്റർ എലിസബത്ത് SIC (86) നിര്യാതയായി. ശവസംസ്കാരം 28-05-2021 വെള്ളിയാഴ്ച റാന്നി പെരുനാട് ബഥനി കോൺവന്റ് സെമിത്തേരിയിൽ നടത്തി. കരിമ്പനാംകുഴി ആലക്കൽ പുത്തൻ വീട്ടിൽ കുടുബാംഗമാണ്.



ഗുജറാത്തിലും പശ്ചിമബംഗാളിലും ഉൾപ്പെടെ അലയടിച്ച യാസ് കൊടുങ്കാറ്റിൽ അകപ്പെട്ടവർക്കായുള്ള രക്ഷാപ്രവർത്തനം നടത്തുന്ന കേന്ദ്ര സേനയ്ക്ക് നേതൃത്വം നൽകുന്ന മാവേലിക്കര ഭദ്രാസനത്തിലെ വള്ളികുന്നം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമായ ബിനു സാമുവേൽ.

Are you a Fan or a Follower?

Sunday before Pentecost



Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening: St. Luke 8: 4-15, Morning: St. Matthew 11 : 20 - 24, Before Holy Qurbana: Genesis 41: 38-40, Exodus12: 31-40, Joshua 5:9-12, Jeremiah 29: 10-16, Holy Qurbana: Acts 17 : 10 -15, I Corinthians 5: 14- 6: - 10

St. John 6:26-35

One of the oft-quoted description about Jesus 'I am the bread of life' is given the above referred passage. The incident occurred a day after the miraculous feeding of more than 5000 people by Jesus.

a. Set straight the priorities

"…you are looking for me, not because you saw signs, but because you ate your fill of the loaves. [27] Do not work for the food that perishes, but for the food that endures for eternal life…"

The conversation took place between Jesus and the crowd that went in search of Him after the miraculous feeding from five loaves of bread. Though Jesus was gentle to the people, He didn't hesitate to out rightly call out the unpleasant truth. The crowd, who had experienced His compassion and was fed, got a shocking welcome when Jesus told them their intention was not good. One day before, they had come to hear from Him but the second visit was persuaded by selfish motives. Jesus entreated them to change the priorities of life. The location was almost the same (the incidents took place on either side of Lake Tiberias) and it was the same crowd (Jn 6:22-24). The only change was in the attitude of the crowd. One day they followed Jesus for signs and the next day it was sheer hunger for food or thought of easy food that led them to Him.

Before judging the crowd, let us look at ourselves. Aren't we behaving similarly? On somedays or certain occasions we might be 'seriously spiritual' and soon we would be back to our old self. Are we able to keep the same spiritual enthusiasm which we had during the Lent, even after Easter? Or what happens to our spirit of *kathiruppu* (10 days of awaiting preceding the Pentecost) after the Feast of Pentecost? Failing to maintain consistency in our spiritual lives might be due to different reasons. Lack of clarity in our priorities is one of the reasons for the floundering in our spiritual journey. The crowd who was in the happy company of Jesus, lost its priorities the very next day. In Abraham Maslow's Hierarchy of Needs physiological needs (food and clothing) comes at the bottom of the pyramid and the belonging needs and self-actualisation comes on top. Maslow's theory says that only when the bottom of the pyramid of needs are fulfilled, man yearns for higher needs. In the case of the crowd it happened the other way. Jesus' words and signs were fulfilling their needs of self- actualisation but the next day they were more pressed to get fulfilled their physiological needs.

b. Beware of the gospel of prosperity

"…you are looking for me, not because you saw signs, but because you ate your fill of the loaves"

What Jesus had forbidden is being offered by some of the modern day preachers. Jesus castigated those who came to Him for mere loaves of bread. But these new types of preachers ask people to follow Jesus to get their daily bread. They give more emphasis to the 'daily bread, than to the 'Bread of Life'. This new teaching is called prosperity gospel. The crux of their message is that, you follow Jesus and you will prosper. "The prosperity gospel is an umbrella term for a group of ideas — popular among charismatic preachers in the evangelical tradition — that equate Christian faith with material, and particularly financial, success"

(The prosperity gospel - also known as the 'health and wealth gospel'- originated as an offshoot of Pentecostalism in post-World War II America and gained popularity from the 1980s . with the rise of "televangelism." The main teachings of this aberrant preaching are: (a) The Abrahamic covenant is a means to material entitlement. (b) Jesus's atonement extends to the "sin" of material poverty. (c) Christians give in order to gain material compensation from God. (d) Faith is a self-generated spiritual force that leads to prosperity. (e) Prayer is a tool to force God to grant prosperity. Benny Hinn, one of the prominent prosperity gospel preachers, in 2019, acknowledged that their preaching had been against the basic tenets of the Bible.)

The Gospel presents God as the Heavenly Father, abounding in Love, 'who give good things to those who ask Him' (Mt 7:11). The children love Father for what he is and not for the gift that he might give. The prosperity gospel errs in persuading one to believe/ love God so that God would be forced to bless him/her. They view faith as 'pressure' on God to make Him fulfill our desires and hefty tithing/ seed money as an investment/ bribe which God is forced to return a hundred folds to the 'investor'. When Jesus called the disciples he didn't offer them material prosperity, rather it was a call to follow Him who had 'nowhere to lay his head' (Mt 8:20). His call didn't promise a 'Cross-free life', rather the believer is asked to 'take up their cross and follow Him' (Mt 16:24).

Hebrews chapter 11 lists the Heroes of faith. Some of them "through faith conquered kingdoms, administered justice, obtained promises, shut the mouths of lions, quenched raging fire, escaped the edge of the sword, won strength out of weakness, became mighty in war, put foreign armies to flight…" (Heb 11:33-34) while some other faith heroes "were tortured,… others suffered mocking and flogging, and even chains and imprisonment. They were stoned to death, they were sawn in two, they were killed by the sword; they went about in skins of sheep and goats, destitute, persecuted, tormented of whom the world was not worthy. They wandered in deserts and mountains, and in caves and holes in the ground. (Heb 11:36-38). If one decides to follow Jesus in anticipation of prosperity, it is not the right faith. True faith is following Jesus without caring for the material prosperity or lack of it.

Conclusion

The crowd that went to Jesus shows a mirror to our own spiritual life. It is a challenge to us to stay focused in our spiritual journey. It also reminds us that we shall follow Christ, no for the perishing materials but for His sake, for He is Jehovah-Jireh (the Lord will provide). It is easy to be a fan of Christ, but difficult to be a real follower.

❑



വൈറ്റില സെന്റ് ഗ്രിഗോറിയോസ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കണ്ടയ്മെന്റ് സോണായ 52-ാം ഡിവിഷനിൽ താമസിക്കുന്ന കോവിഡ് രോഗികൾക്കും ക്വാറന്റൈനിൽ കഴിയുന്നവർക്കും വേണ്ടിയുള്ള ഭക്ഷ്യധാന്യ കിറ്റുകൾ യുവജനപ്രസ്ഥാന ഭാരവാഹികൾ, പ്രസ്ഥാനം സീനിയർ മെംബേഴ്സ്, ഇടവകട്രസ്റ്റി, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ വാർഡ് കൗൺസിലറായ സോണി ജോസഫിന് ഇടവക വികാരി ഫാ. ജിജു വർഗീസ് വിതരണത്തിനായി ഏൽപ്പിച്ചു.



ചെല്ലാനത്തിന് കരുതലുമായി കുന്നക്കാൽ വെസ്റ്റ് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയിലെ യുവജനപ്രസ്ഥാനം. ഇടവകയിലെ വീടുകളിൽ കൃഷി ചെയ്ത കപ്പയും, ചക്കയും, പൈനാപ്പിളും അടങ്ങുന്ന ഒരു ടിപ്പർ ലോറി ഫലവർഗ്ഗങ്ങൾ ചെല്ലാനം, കണ്ടക്കടവ് വേളാങ്കണ്ണി മാതാ തീർത്ഥാടന കേന്ദ്രം ചാപ്ലയിൻ ഫാ. ജോൺ കണ്ടത്തിപ്പറമ്പിലിന് കൈമാറി. അച്ചന്റെ നേതൃത്വത്തിൽ ജാതിമതഭേദമെന്യേ മുന്നൂറോളം കുടുംബങ്ങൾക്ക് അത് വിതരണം ചെയ്യും.



മാവേലിക്കര എം.പി. കൊടിക്കുന്നിൽ സുരേഷ് പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടം സന്ദർശിച്ചു. പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, അസി. മാനേജർ ഡോ. എം. എസ്. യൂഹാനോൻ റമ്പാൻ എന്നിവർ ചേർന്ന് സ്വീകരിച്ചു.



പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മപ്പെരുന്നാളും ഫുഡ് കിറ്റ് വിതരണവും

അട്ടപ്പാടി മിഷന്റെ സ്ഥാപക പിതാവായ പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ഏഴാമത് ഓർമ്മ പെരുന്നാൾ അട്ടപ്പാടി ആശ്രമം ചാപ്പലിൽ നടത്തി. ഫാദർ വർഗീസ് മാത്യുവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പരിശുദ്ധ പിതാവിന്റെ സ്മാരക കബറിങ്കൽ ധൂപഅർപ്പണവും മധ്യസ്ഥ പ്രാർത്ഥനയും നടത്തി. ആശ്രമം സുപ്പീരിയർ ഫാദർ വർഗീസ് ജോസഫ്, ഫാദർ എം ഡി യൂഹാനോൻ റമ്പാൻ എന്നിവർ സഹകാർമികത്വം വഹിച്ചു. പാച്ചോർ നേർച്ചയും നടത്തി.


പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയ ബാവയുടെ നാമത്തിൽ അട്ടപ്പാടിയിലെ കോവിഡ് പോസിറ്റീവ് ആയിട്ടുള്ള ഏറ്റം അർഹതപ്പെട്ട 300 വീടുകളിൽ ഒന്നാം ഘട്ടമായി ഫുഡ് കിറ്റ് വിതരണം ചെയ്യാനുള്ള കോവിഡ് പാക്കേജ് പ്രഖ്യാപിച്ചു. സുമനസ്സുകളുടെ സഹായത്തോടെ, അട്ടപ്പാടിയിലെ നന്മ കൂട്ടായ്മയിലൂടെയാണ് കിറ്റുകൾ വിതരണം ചെയ്യുന്നത്.

സിൽവാനിയോസ് റമ്പാൻ അനുസ്മരണം

കോട്ടയം: പുതുപ്പാടി സെന്റ് പോൾസ് ആശ്രമം സുപ്പീരിയർ ആയിരുന്ന സിൽവാനിയോസ് റമ്പാൻ അനുസ്മരണം സൂം പ്ലാറ്റ്ഫോമിൽ നടത്തി.

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലിത്ത അധ്യക്ഷത വഹിച്ചു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലിത്ത മുഖ്യപ്രഭാഷണം നടത്തി. നഥനിയേൽ റമ്പാൻ, ബർസ്ക്കീപ്പാ റമ്പാൻ, ഫാ. ജോൺ പീറ്റർ, ഫാ. ഡോ. ജേക്കബ് മാത്യം കാരിച്ചാൽ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. എൻ. പി. ജേക്കബ്, ഫാ. ജിജി കെ. തോമസ്, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. തോമസ് കെ. ചാക്കോ എന്നിവർ പ്രസംഗിച്ചു.

അനുസ്മരണത്തിന് ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ 1987-91 ബാച്ചിലെ വൈദികർ നേതൃത്വം നൽകി.



എംജി യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. സാനു മാത്യു സൈമൺ. കുമ്പഴ വടക്കു പാലമൂട് മാർ കുറിയാക്കോസ് ഇടവകാംഗമാണ്.



സഹകരണ വകുപ്പ് മന്ത്രി വി. എൻ വാസവൻ പാമ്പാടി ദയറായിൽ എത്തി യൂഹാനോൻ മാർ ദീയസ്കോറോസിനെ സന്ദർശിച്ചു. മെത്രാപ്പോലീത്താ അദ്ദേഹത്തെ പൊന്നാട അണിയിച്ചു ആദരിച്ചു.



ജ്യോതിസ് ആശ്രമം മാസ്കുകൾ നൽകി

രാജസ്ഥാൻ: അഹമ്മദാബാദ് ഭദ്രാസനത്തിൻ കീഴിൽ രാജസ്ഥാനിലെ ജ്യോതിസ് ആശ്രമം, സിറോഹി ജില്ലയിലെ പോലീസ് സേനക്കാവശ്യമായ മാസ്കുകൾ നിർമ്മിച്ച് നൽകി മാതൃകയായി. ജില്ലാ പോലീസിന് വേണ്ടി പ്രവീൺ കുമാർ IPS, ആശ്രമാധിപൻ കൂടിയായ ഫീലിപ്പോസ് റമ്പാനിൽ നിന്നും മാസ്കുകൾ ഏറ്റുവാങ്ങി. ഫാ. തോമസ് മാത്യു സന്നിഹിതനായിരുന്നു. ആശ്രമം അധികൃതരോടുള്ള നന്ദി പ്രവീൺ കുമാർ അറിയിച്ചു. ആശ്രമം നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ആശ്രമത്തിനടുത്ത ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് ഫീലിപ്പോസ് റമ്പാൻ കൂടുതൽ ശ്രദ്ധ നൽകി വരുന്നത്. കോവിഡ് വ്യാപനത്തിന്റെ ഈ കാലഘട്ടത്തിൽ റമ്പാന്റെ മനസ്സിൽ ഉണ്ടായ ആശയമാണ് ഇപ്പോൾ പ്രാവർത്തികമാക്കിയിട്ടുള്ളത്.

ന്യൂനപക്ഷ വകുപ്പ് ഒരു മതത്തിന്റെയും കുത്തകയല്ല: ഓർത്തഡോക്സ് സഭ

കൊച്ചി: ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുത്തതിനോട് പ്രതികരിച്ച് ഓർത്തഡോക്സ് സഭ. ന്യൂനപക്ഷ വകുപ്പ് ഒരു മതത്തിനോ ഒരു സംഘടനയുടേതോ കുത്തകയല്ലെന്നും മുഖ്യമന്ത്രി ന്യൂനപക്ഷ വകുപ്പ് ഏറ്റെടുക്കുമ്പോൾ ആ പരാതിക്ക് പരിഹാരമുണ്ടാകണമെന്നും വൈദിക ട്രസ്റ്റി ഫാ. എം ഒ ജോൺ പറഞ്ഞു. ന്യൂനപക്ഷങ്ങൾക്ക് അവകാശപ്പെട്ട പദ്ധതികളും ആനുകൂല്യങ്ങളും ചില പ്രത്യേക വിഭാഗങ്ങൾക്ക് മാത്രമായി ഒതുങ്ങുന്നുവെന്ന് ഓർത്തഡോക്സ് സഭ വിമർശിച്ചു. ന്യൂനപക്ഷ വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുക്കുന്നതിലല്ല കാര്യം. അത് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നുള്ളതാണ് പ്രധാനം. മുഖ്യമന്ത്രിയിൽ വിശ്വാസമുണ്ട് എന്നു എല്ലാവരുടെയും പരാതിക് പരിഹാരം ഉണ്ടാക്കും എന്നാണ് വിശ്വാസമെന്നും പള്ളിത്തർക്കത്തിൽ ഉൾപ്പെട്ടെ കോടതി വിധി നടപ്പാക്കാൻ ഇനിയെങ്കിലും സർക്കാർ ആർജ്ജവം കാണിക്കണമെന്നും ഓർത്തഡോക്സ് സഭ ആവശ്യപ്പെട്ടു.



23-ാമത് പത്തനാപുരം സെന്റർ ഓർത്തഡോക്സ് കൺവെൻഷൻ ആരംഭിച്ചു. ഡോ സഖറിയാസ് മാർ അപ്രേം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.



കണ്യാട്ടുനിരപ്പ് സെൻറ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിലെ OCYM ന്റെയും/മർത്തമറിയാം വനിതാസമാജത്തിന്റെയും ആഭിമുഖ്യത്തിൽ ഭക്ഷ്യ കിറ്റുകൾ ഇടവകാംഗങ്ങൾക്കും പരിസരവാസികൾക്കും വിതരണം ചെയ്തു. വൈസ് പ്രസിഡന്റ് ഷീജ വിശ്വനാഥ്, വാർഡ് മെംബർ ഷൈനി ജോയി എന്നിവർ കിറ്റുകൾ ഏറ്റുവാങ്ങി.



മാധവശ്ശേരി ഇടവക യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കരുതൽ 2021 എന്ന പദ്ധതിയുടെ രണ്ടാം ദിവസ കിറ്റ് വിതരണം.

500 കിലോ അരി നൽകി ചന്ദനപ്പള്ളി ഓർത്തഡോക്സ് വലിയപള്ളി

ചന്ദനപ്പള്ളി • കോവിഡ് കാലത്ത് ദുരിതം അനുഭവിക്കുന്നവർക്ക് സഹായവുമായി ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി. പെരുന്നാളിനോടനുബന്ധിച്ചു ലഭിച്ച അരിയുടെ ഒരു പങ്ക് കൈമാറി.

പത്തനംതിട്ട സെന്റ് ഗ്രിഗോറിയോസ് ശാന്തി സദനം, പത്തനംതിട്ട മാർ യൗസേബിയോസ് പാലിയേറ്റീവ് സെന്റർ, വെച്ചൂച്ചിറ മേഴ്സി ഹോം, അങ്ങാടിക്കൽ മാർ ഗ്രിഗോറിയോസ് സ്നേഹാലയം, അങ്ങാടിക്കൽ മഹാത്മാ ജനസേവന കേന്ദ്രം, ഓമല്ലൂർ സാന്ത്വനം, കീരു കുഴി സെന്റ് മേരീസ് ഓൾഡ് ഏജ് ഹോം എന്നിവിടങ്ങളിലായി 500 കിലോയോളം അരി നൽകി.

വികാരി ഫാ. വർഗീസ് കളീക്കൽ, ട്രസ്റ്റി ടി.എം. വർഗീസ്, സെക്രട്ടറി ജോയൻ ജോർജ്, മോനച്ചൻ വടക്കേക്കര, പീറ്റർ ജോർജ്, എതിൻ സാം. ഏബ്രഹാം, ലിബിൻ തങ്കച്ചൻ, ഷിജിൻ ജോൺസൺ എന്നിവരുടെ നേതൃത്വത്തിലാണ് സഹായം നൽകിയത്.



കോട്ടയം: കോവിഡ് കാലത്ത് ഇടവക ശുശ്രൂഷ നടത്തുന്ന വൈദീകർ രോഗികൾ ആകുകയും മരണപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നു. കോവിഡ് രോഗികളുടെ ശവസംസ്കാരം, രോഗികളെ സഹായിക്കുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ ഇവയിൽ ഏർപ്പെട്ടിരിക്കുന്ന വൈദീകർക്ക് രോഗം പിടിപെടുന്നതിനുള്ള സാധ്യത വളരെ കൂടുതൽ ആയതിനാൽ കോവിഡ് മുൻനിരപ്രവർത്തകരായി പരിഗണിച്ചു വൈദികരെയും മറ്റ് ആരാധന ആലയ പരികർമികൾക്കും വാക്സിനേഷൻ ലഭ്യമാക്കണമെന്ന് മലങ്കര ഓർത്തഡോക്സ് വൈദികസംഘം എക്സിക്യൂട്ടീവ് കമ്മറ്റി സർക്കാരിനോട് അഭ്യർത്ഥിച്ചു.

വൈദികസംഘം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ സെക്രട്ടറി ഫാ. ഡോ. സജി അമയിൽ, ജോ. സെക്രട്ടറി ഫാ. വിനു വർഗീസ്, പി ആർ ഒ. ഫാ. ചെറിയാൻ ടി സാമുവേൽ തുടങ്ങിയവർ സംസാരിച്ചു.

അതിജീവനത്തിന്റെ പോരാട്ടത്തിൽ കോലഞ്ചേരി പള്ളിയുടെ സന്നദ്ധ സേനയും

കോലഞ്ചേരി: ഒരു നേരത്തെ ഭക്ഷണം കിട്ടാതെ ആരും കോലഞ്ചേരിയിലും പരിസരത്തും ഉണ്ടാവരുത് എന്ന ഉറച്ച നിലപാടോടെ കോലഞ്ചേരി പള്ളിയുടെ സമൂഹ അടുക്കളയിൽനിന്ന് യുവജന പ്രസ്ഥാന പ്രവർത്തകർ, പോലീസുകാർക്കും, KSEB ഉദ്യോഗസ്ഥർക്കും, സെക്യൂരിറ്റികൾക്കും കൂടാതെ വീടുകളിലും, അതിഥി തൊഴിലാളികൾക്കും, വഴിയോരങ്ങളിലെ യാചകർക്കും ഭക്ഷണം എത്തിച്ചു നൽകി.

ടെലി ഹെൽത്ത് കൺസൽറ്റേഷനിലൂടെ രോഗികൾക്ക് ആശ്വാസമാകുംവിധം മെഡിക്കൽ ടീം പ്രവർത്തനം തുടരുന്നു. അണുനശീകരണം നടത്തിയും, ഭക്ഷണം എത്തിച്ചു നൽകിയും, ഭക്ഷ്യധാന്യ കിറ്റുകളും മരുന്നും എത്തിച്ചും, ടെലി ഹെൽത്ത് കൺസൽറ്റേഷൻ ഒരുക്കിയും കോവിഡ് മഹാമാരിയെ അതിജീവിക്കാനുള്ള പോരാട്ടത്തിൽ യുവജനപ്രസ്ഥാനം മുന്നിട്ടു നിൽക്കുന്നു.



കൊല്ലം കോർപറേഷൻ നടത്തുന്ന കമ്മ്യൂണിറ്റി കിച്ചനുകളുടെ പ്രവർത്തനത്തെ സഹായിക്കുന്നതിന്റെ ഭാഗമായി മലങ്കര ഓർത്തഡോക്സ് സഭയുടെ കൊല്ലം സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ നൽകിയ 10 ചാക്ക് അരി, 1 ചാക്ക് പഞ്ചസാര, തേയില എന്നീ പലചരക്കു സാധനങ്ങൾ കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് ഏറ്റുവാങ്ങി. പള്ളി അങ്കണത്തിൽ വച്ചു സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ ഇവ മേയർക്കു കൈമാറി. ഇടവക വികാരി ഫാദർ ജെയിംസ് നല്ലില, ഇടവക മാനേജിങ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മേയർ കോർപ്പറേഷന്റെ നന്ദി അറിയിച്ചു.



കടപ്ര ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന കമ്മ്യൂണിറ്റി കിച്ചണിലേക് ആവശ്യമായ അരിയും പച്ചക്കറിയും മറ്റ് സാധനങ്ങളും നിരണം വലിയപള്ളി വികാരി ഫാദർ വർഗ്ഗീസ് മാത്യു, ട്രസ്റ്റി പി. ജി. കോശി എന്നിവർ എത്തിച്ചു നൽകുന്നു.